കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**നെടുമങ്ങാട് നഗരസഭ**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരം ജില്ലാ**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ/337 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി:22.5.2020

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

**ജോയിന്റ് ഡയറക്ടർ**

**ചെയർപേഴ്സൺ (സെക്രട്ടറി മുഖേന),**

**നെടുമങ്ങാട് നഗരസഭ**

സർ,

വിഷയം : **നെടുമങ്ങാട്** നഗരസഭ - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **നെടുമങ്ങാട് നഗരസഭയുടെ 2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)

2) ഡയറക്ടർ, നഗരകാര്യ വകുപ്പ് തിരുവനന്തപുരം (ഉ.പ.സ)

3) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

4) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ/337 /2020 തീയതി:22.5.2020

**തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-*ാം വകുപ്പ്*, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള മുൻസിപ്പൽ ആക്ട് 56, 295, 565(1), (2) *വകുപ്പുകൾ, എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 8.12.2018 മുതൽ 13.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള പരാമർശങ്ങൾക്ക് തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ,മുഹമ്മദ് നിസാർ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2020 മുതൽ<br>31.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീമതി.ശ്രീജ.കെ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | 2.ശ്രീ.സനിൽ.എസ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | 3. ശ്രീമതി.അസീന.എ.പി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 4. ശ്രീ.സുരേഷ്ബാബു,ബി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5.ശ്രീ.കോസലരാമദാസ്,കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 6. ശ്രീമതി. സീന.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 7.കുമാരി.മെർലിൻ ജേക്കബ്,<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.ചെറ്റച്ചൽ സഹദേവൻ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീമതി.ബീന.എസ്.കുമാർ | 01-04-2018 മുതൽ 08-03-2019 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ.സ്റ്റാലിൻ നാരായണൻ | 08.03.2019 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.പി.കൃഷ്ണകുമാർ | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെൽത്ത് ഓഫീസർ | ശ്രീ.ഉണ്ണി.ജി | 01-04-2018 മുതൽ 31-03-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.സമീറ. | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.വിജയകുമാരി.എൽ | 01-04-2018 മുതൽ 31-03-2019 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ. സൈറ. | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കെ.ധനലക്ഷമി | 01-04-2018 മുതൽ 31-03-2019 വരെ |
| അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | ശ്രീമതി.ആനിറോസ് | 01-04-2018 മുതൽ 20.01.2019 വരെ |
| | ശ്രീമതി.ലിസ്സി ഡാർലിംഗ് | 21.01.2019 മുതൽ 31.03.2019 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പ്രേംലാൽ.ബി | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ്മാസ്റ്റർ,<br>ഹയർ സെക്കന്ററി സ്കൂൾ | ശ്രീ.ശരത് ചന്ദ്രൻ | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രോജക്ട് ഓഫീസർ | ശ്രീ.ശ്രീകുമാർ | 04-01-2018 മുതൽ 31.03.2019 വരെ |

<u>**ഉള്ളടക്കം**</u>


| ക്രമ നമ്പർ | ഭാഗം. 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീത് ബുക്കുകളുടെ പരിപാലനം – വരവിനങ്ങളിലെ അക്കൗണ്ടിംഗ്-അപാകങ്ങൾ | 1-12 |
| 13 | വസ്തു നികുതി നിർണയം-സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനം- അപാകങ്ങൾ | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതിയും FATEOS ലൈസൻസും ഈടാക്കേണ്ടതാണ് | 1-15 |
| 16 | കടമുറികളിൽ നിന്നുള്ള വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-16 |
| 17 | ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നില്ല- വരുമാന നഷ്ടം | 1-17 |
| 18 | മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിലെ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല. | 1-18 |
| 19 | ശമ്പള പരിഷ്കരണങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 20 | പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കുന്നില്ല-മുനിസിപ്പൽ പെൻഷൻഫണ്ട് പരിപാലിക്കുന്നില്ല | 1-20 |
| 21 | വെള്ളക്കരം വാട്ടർ അതോറിറ്റിയ്ക്ക് ഒടുക്കാനുള്ള തുക | 1-21 |
| 22 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. 1864237/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | മുൻകൂർ ക്രമീകരിച്ചില്ല- തുക തിരികെ ഈടാക്കേണ്ടതാണ്. | 1-23 |
| 24 | എം ബാങ്ക് മെന്റ് നിർമ്മാണം അധികച്ചെലവ്-9660/-രൂപ | 1-24 |
| 25 | കുളവിക്കോണം ചിറ നവീകരണം- വികസനഫണ്ട് ചെലവഴിച്ചില്ല, കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല | 1-25 |
| 26 | കരാറുകാർക്ക് റിട്ടെൻഷൻ തുക തിരികെ നൽകിയിട്ടില്ല | 1-26 |
| 27 | മുന്നൊരുക്കവും ദിശാബോധവുമില്ലാതെ കിച്ചൻ ബിൻ സ്ഥാപിക്കൽപദ്ധതി- വികസനഫണ്ട് പാഴാവുന്നു. | 1-27 |
| 28 | ബയോഗ്യാസ് പ്ലാന്റ്- പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-28 |
| 29 | ഗുണഭോക്തൃവിഹിതം അധികമായി ഈടാക്കി | 1-29 |
| 30 | കിണർ റീചാർജ്ജിംഗ് -ചെലവ് 6.8 ശതമാനം മാത്രം | 1-30 |
| 31 | ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല | 1-31 |
| 32 | ടി.എച്ച്.ആർ.എസ്-ഭക്ഷ്യ മിശ്രിതം-ലാബ് പരിശോധന നടത്തുന്നില്ല | 1-32 |
| 33 | സ്റ്റീൽ ഫർണ്ണിച്ചർ വാങ്ങൽ-മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം | 1-33 |
| 34 | എസ്.എസ്.എ പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ നഗരസഭ നേരിട്ട് ആവിഷ്ക്കരിക്കുന്നു. | 1-34 |
| 35 | കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് കുടിശ്ശിക 91966/- രൂപ അടവാക്കി- പദ്ധതി പ്രവർത്തനക്ഷമമല്ല. | 1-35 |
| 36 | ഗാർഹിക പൈപ്പ് ലൈൻ-പദ്ധതി പൂർത്തീകരിച്ചില്ല- 592000/-രൂപ തടസ്സപ്പെടുത്തുന്നു | 1-36 |

| | | |
|---|---|---|
| 37 | പട്ടികജാതി കുട്ടികൾക്ക് മേശയും കസേരയും വാങ്ങിയത്- പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. | 1-37 |
| 38 | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള സംഭരണി- അപാകതകൾ | 1-38 |
| 39 | പട്ടികജാതി കുടുംബങ്ങൾക്ക് സൗരറാന്തൽ -മുഴുവൻ വിതരണം ചെയ്തിട്ടില്ല | 1-39 |
| 40 | ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം- പദ്ധതിയിലെ പൊതു അപാകതകൾ | 1-40 |
| 41 | രേഖകൾ ഹാജരാക്കിയില്ല- 7,25,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-41 |
| 42 | ചെലവ് പത്രികയിലെ തുകയും ഹാജരാക്കിയ രേഖകളിലെ ചെലവും തമ്മിൽ വ്യത്യാസം | 1-42 |
| 43 | എലിക്കോട്ടുക്കോണം കോളാച്ചിമൂല റോഡ്-കോൺക്രീറ്റ് ആന്റ് ടാറിംഗ് -പദ്ധതിയിലെ അപാകതകൾ | 1-43 |
| | **ഭാഗം-2**<br>വരവു നഷ്ടം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | |
| | **ഭാഗം-3**<br>ചെലവ് നഷ്ടം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 44 | കരിങ്ങ- ISRO റോഡ് നിർമ്മാണം- എം ബാങ്ക് മെന്റ് നിർമ്മാണത്തിന്അധികച്ചെലവ്-9660/-രൂപ നിരാകരിക്കുന്നു | 3-1 |
| | **ഭാഗം -4**<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 45 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 46 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 47 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 49 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 50 | സ്ഥിര നിക്ഷേപം | 4-6 |
| 51 | ഓഡിറ്റ് റിക്കവറി | 4-7 |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 53 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 20.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെ ആകെ വരവ് 913522142.70/-രൂപയും ആകെ ചെലവ് 833017597/-രൂപയും നീക്കിയിരിപ്പ് 80504545.70/- രൂപയുമാണ്. പരിഷ്കരിച്ച ബഡ്ജറ്റ് 26.02.2019 ലെ 1-ാംനമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത | അപാകത |
|---|---|---|---|

| അവസാന തീയതി | തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.07.2019 | - | - |

# 1-3 സാമ്പത്തിക നില (AFS പ്രകാരമുള്ളത്)

| | |
|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം 2018-19 വർഷം ബാങ്ക് അക്കൗണ്ടുകളിൽ 31353000.25 രൂപയും കൈവശ പണം (-) 62074631/- രൂപയുമാണ് മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്. ടി തുക താല്ക്കാലികമായി എടുത്തിരിക്കുന്നു. മുന്നിരിപ്പ് (ബാങ്ക് +കൈവശപ്പണം) | (-)30721630.75 |
| വരവ് | 518985628 |
| ആകെ | 488263997.25* |
| ചെലവ് | 361102602.00 |
| നീക്കിയിരിപ്പ് | 127161395.25 |

*വാർഷിക ധനകാര്യ പത്രിക പ്രകാരം കൈവശമുള്ള മുന്നിരിപ്പ് പണം negative ആയതിനാൽ ആകെ വരവ് കണക്കാക്കിയതിലെ ആധികാരികത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

# 1-4 ഫണ്ട് വിനിയോഗം

(Receipt and Payment (RP 6) പ്രകാരം ലഭ്യമാക്കിയത്)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 62108219 | 62108219 | 62108219 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 20902225 | 20902225 | 20902225 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 958291 | 958291 | 958291 | 0 |
| വികസന ഫണ്ട് (സി.എഫ്.സി) | 0 | 89741000 | 89741000 | 89741000 | 0 |
| ബി ഫണ്ട് | 0 | 1699200 | 1699200 | 1699200 | 0 |
| മെ.ഫണ്ട് (റോഡ്) | 0 | 21531000 | 21531000 | 21531000 | 0 |
| മെ.ഫണ്ട് (നോൺ റോഡ്) | 0 | 19100000 | 19100000 | 19100000 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 330 | 319696163 | 265 | 216079762 | 0 | 65 | 80% |

# 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളെ സംബന്ധിച്ച് സ്ഥാപനം ഹാജരാക്കിയ രേഖകളിലെ തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം (ഖ 1-11(3)കാണുക)

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം സ്ഥാപനം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1699200 | 1682 |
| കർഷകതൊഴിലാളി പെൻഷൻ | 10665200 | 923 |
| വിധവാപെൻഷൻ | 37464000 | 3072 |
| വാർദ്ധക്യകാലപെൻഷൻ | 57957400 | 4712 |
| വികലാംഗപെൻഷൻ | 9012600 | 764 |
| വിവാഹധനസഹായം | 390000 | 13 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1074800 | 91 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.01.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 105828/-രൂപയുടെ ബാലൻസുള്ളതായി ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണസംവിധാനത്തിലെ അപാകങ്ങൾ നഗരസഭയുടെ സുഗമമായ പ്രവർത്തനത്തേയും പുരോഗതിയേയും സാരമായി ബാധിക്കുന്നുണ്ട്. ഓഫീസ് പ്രവർത്തനങ്ങളിലും പണമിടപാടുകളിലും ചട്ടങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ ഉണ്ടായ അനാസ്ഥ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. താഴെ പറയുന്ന വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1.രസീതു വഴിയുള്ള വരവിന്റെ അക്കൗണ്ടിങ്ങിലും രസീതുബുക്കുകളുടെ ഉപയോഗത്തിലും മുൻ കാലങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ഗുരുതരമായ അപാകങ്ങൾ തുടർന്നും നിലനിൽക്കുന്നു. (വിശദാംശങ്ങൾ ഖ 1-12ൽ)

2.നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് നഗരസഭയുടെ പുരോഗതിയുടെ അവശ്യ ഘടകമാണ്. രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി

ജാഗ്രത പുലർത്തേണ്ടതുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ, മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെയും നികുതി നിർണ്ണയ സംവിധാനങ്ങളുടെയും ഈടാക്കുന്നതിലേയും കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.(ഖ.1-13,1-14 )
- വരവിനങ്ങളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കൃത്യമായി രേഖപ്പെടുത്തി AFS മായി പൊരുത്തപ്പെടുത്തിയിട്ടില്ല.
- തൻ വർഷത്തെ വസ്തുനികുതിയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ രജിസ്റ്ററിലെ തുകയും, വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
- <u>ഫ്രണ്ട് ഓഫീസ് പ്രവർത്തനം</u>
- ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് നൽകുന്നില്ല.

<u>സാമ്പത്തിക ഇടപാടുകൾ</u>

- ബാങ്കിൽ പണം ഒടുക്കുന്നതിൽ മുനിസിപ്പാലിറ്റി അക്കൗണ്ടിങ്ങ് റൂൾസിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. (ഖ1-12) കാണുക

<u>ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ</u>

നഗരസഭയുടെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല

- 2018-19ലെ ആസ്തി ഡിജിറ്റലൈസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്ന നടപടി ഇതുവരെ പൂർത്തിയായിട്ടില്ല.
- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

<u>പദ്ധതി രൂപീകരണവും നടത്തിപ്പും</u>

- വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.
- ഗുണഭോക്തൃവിഹിതം കൃത്യമായി ശേഖരിക്കുന്നതിലും ചെലവാക്കുന്നതിലും ചെലവ് കൃത്യമായി രേഖപ്പെടുത്തുന്നതിലും അപാകതകൾ കാണുന്നു.
- വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല.
- വിവിധ സ്റ്റാൻഡിങ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.
- സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.
- പ്രോജക്ടിലെ ആശയങ്ങളും വികസന പരിപ്രേക്ഷ്യവും തമ്മിൽ ബന്ധമില്ല.
- ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്.

<u>പൊതുഭരണം</u>

29.01.15ലെ ജി.ഒ.എം.എസ്.18/2015 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 21/4/2011 | 2009-10 | 17.06.2011 |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 09/07/2019 മുതൽ 06/08/2019 വരെ | 2017/18 മുതൽ 2018/19 വരെ | 17.09.2019 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. 19.08.2019 ലെ കെ.എസ്.എ.റ്റി.വി.എം/എം.എൽ/1598/2019-ാം നമ്പരായി ഓഡിറ്റ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് സർട്ടിഫിക്കറ്റിനോടൊപ്പം ചേർത്തിരുന്ന അപാകതകൾക്ക് പുറമെ ചുവടെ ചേർത്തിരിക്കുന്ന വസ്തുതകൾ കൂടി പരിശോധിക്കേണ്ടതും ആയത് പരിഹരിച്ച് അറിയിക്കേണ്ടതുമാണ്. മുനിസിപ്പാലിറ്റിയുടെ വിവിധ തനതു അക്കൗണ്ടുകൾ ക്ലോസ് ചെയ്തുവെങ്കിലും ആയതു വാർഷികധനകാര്യ പത്രികയിൽ നിന്നും നീക്കം ചെയ്തിട്ടില്ല.

RP40(a), RP40(b) എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രസ്തുത അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Account Details |
|---|---|
| 1 | SBT 57024337402 |
| 2 | SBT FD |
| 3 | Trivandrum DCB FD |
| 4 | Treasury MF AC 1 |
| 5 | Federal Bank 310482 Zero |
| 6 | Federal Bank 310490 |
| 7 | Axis Bank KURDFC loan 34865 |
| 8 | SBT 57024309509 |
| 9 | Union Bank of India IHSDP |
| 10 | DCB FD II |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 31 നുള്ള മറുപടിയിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതിനായി ഐ.കെ.എമ്മിനു കത്തു നൽകിയതായി അറിയിച്ചിട്ടുണ്ട്.

2. RP 40 (a) cash -62074631/- രൂപയായാണ് കാണിച്ചിരിക്കുന്നത്. മുൻ വർഷത്തെ RP 40 (b) പ്രകാരവും പ്രസ്തുത തുക തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ക്യാഷ് ബാലൻസ് മൈനസ് ആയി തുടരുന്നതിലെ അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

3.അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ സംബന്ധിച്ച വിവരം വാർഷിക ധനകാര്യ പത്രികയിലെ തുകകളും സ്ഥാപനം ഹാജരാക്കിയ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

<u>വാർഷിക ധനകാര്യ പത്രികയിലെ തുക</u>

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] | |

| | | | | |
|---|---|---|---|---|
| 6521399 | 10000000 | 16521399 | 10500000 | 6021399 |

സ്ഥാപനത്തിലെ ക്യാഷ് ബുക്ക് പ്രകാരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 5935554 | 10000000+<br>172209/-<br>(പലിശയുൾപ്പടെ<br>=10172209 | 16107763 | 10842516* | 526524 |

*ഭരണചെലവുകൾ 431666/-രൂപ

ഗുണഭോക്താക്കൾക്ക് നൽകിയത് 10410850/-രൂപ വാർഷിക ധനകാര്യപത്രികയിലെയും, ക്യാഷ് ബുക്കിലെയും വ്യത്യാസം പരിശോധിച്ച് ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-12 രസീതു ബുക്കുകളുടെ പരിപാലനം -വരവിനങ്ങളുടെ അക്കൗണ്ടിംഗ്- അപാകങ്ങൾ

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) നിയമങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള രസീതു ബുക്കുകളുടെ പരിപാലനം, അക്കൗണ്ടിംഗ് എന്നിവയിലെ പല വ്യവസ്ഥകളും നെടുമങ്ങാട് നഗരസഭയിൽ പാലിച്ചു പോരുന്നില്ലയെന്നു വ്യക്തമായിട്ടുണ്ട്.

രസീതു ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ വിവിധ അപാകതകൾ /ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. <u>രസീതു ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല</u>

| വർഷം | കൈപ്പറ്റിയ വ്യക്തി | രസീത് ബുക്ക് നം/ തീയതി |
|---|---|---|
| 2018-19 | ശാരിക.എസ്<br>(LDC/BC) | 1/05.03.2019<br>8/08.03.2019<br>9/08.03.2019<br>16/16.03.2019<br>21/19.03.2019<br>25/21.03.2019<br>31/23.03.2019<br>33/26.03.2019<br>38/29.03.2019 |
| | കവിത.എൽ.എസ്<br>(LDC/BC) | 2/5.03.2019<br>10/08.03.2019<br>11/8.03.2019<br>17/16.03.2019<br>19/16.03.2019<br>26/22.03.2019<br>30/23.03.2019<br>[illegible] |

| | | |
|---|---|---|
| | | 36/27.03.2019<br>39/30.30.2019 |
| | സുധീർ കുമാർ<br>(RI) | 3/06.03.2019<br>4/07.03.2019<br>5/07.03.2019<br>6/07.03.2019<br>13/08.03.2019<br>14/08.03.2019<br>15/14.03.2019<br>18/16.03.2019<br>20/17.03.2019<br>23/19.03.2019<br>24/19.03.2019<br>27/22.03.2019<br>28/23.03.2019<br>29/23.03.2019<br>34/26.03.2019<br>35/27.03.2019<br>37/28.03.2019<br>40/30.03.2019<br>41/30.03.2019<br>45/02.04.2019<br>47/03.04.2019<br>49/05.04.2019<br>50/6.04.2019<br>51/08.04.2019<br>52/08.04.2019 |
| | ആർ.വിൽഫ്രഡ്<br>(LDC/BC) | 7/08.03.2019<br>209/20.12.2019 |
| | അനു.ബി<br>(ലൈബ്രേറിയൻ) | 46/.20.04.2019 |
| | ആലീസ് ജോസി<br>(ഹെൽത്ത് സൂപ്പർവൈസർ) | 175/23.11.2019<br>176,177/26.11.2019<br>182,183/27.11.2019<br>184,185/28.11.2019<br>186,187/02.12.2019<br>188,189/03.12.2019<br>192,193/04.12.2019<br>196-200/07.12.2019<br>204,205/17.12.2019<br>[illegible] |

| | | |
|---|---|---|
| | | 222-224/07.01.2020 |
| | * | 42/30.30.2019 |

* പേര് വിവരം ലഭ്യമല്ല.

2.<u>കളക്ഷൻ രജിസ്റ്ററുകൾ ഹാജരാക്കാത്തവ</u>

ചുവടെ കൊടുത്തിരിക്കുന്ന രസീതു ബുക്കുകൾ പ്രകാരം ഈടാക്കിയ തുകകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഈ രസീതു ബുക്കുകൾ പ്രകാരം വരവു വന്ന തുകയുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

| വർഷം | രസീതു ബുക്കുകളുടെ നം |
|---|---|
| 2017-18 | 369 മുതൽ 378 വരെ |
| | 409,410,413,417,426,431,432, 435,440,445,447,451,452, 455,459,461,462,464,465,470, 472,474,475,478, 481,485,486,488, 490,492,495, 496,499,500,148, 149,211 |

3.<u>രസീതുകൾ -തീയതി രേഖപ്പെടുത്തിയിട്ടില്ല</u>

ചുവടെ കൊടുത്തിരിക്കുന്ന രസീതു ബുക്കുകളിലെ രസീതുകളിൽ തീയതി രേഖപ്പെടുത്തി കാണുന്നില്ല. ആയതിനാൽ തുക വരവു വന്ന ദിവസത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

| ക്രമ നം | രസീതു ബുക്ക നം |
|---|---|
| 1 | 131(രസീതു നം 6501 മുതൽ 6550 വരെ) |
| 2 | 133 (രസീതു നം 6601 മുതൽ 6650 വരെ) |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 24 ന മറുപടി നൽകിയിട്ടില്ല. രസീതു ബുക്കുകളും കളക്ഷൻ രജിസ്റ്ററും ഹാജരാക്കാൻ കഴിയാത്തതിനു വ്യക്തമായ കാരണം രേഖാമൂലം അറിയിച്ചിട്ടില്ല. രസീതു ബുക്കുകൾ പരിശോധിക്കുവാൻ കഴിയാത്തതിനാൽ ഇതു വഴി ധനനഷ്ടം സംഭവിച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇതു നഗരസഭയുടെ അക്കൗണ്ടിംഗ് പ്രക്രിയയിലെ ഗുരുതരമായ അപാകതയായി വിലയിരുത്തുന്നു. പ്രസ്തുത രസീതു ബുക്കുകൾ അടിയന്തിരമായി ഓഡിറ്റിനു ഹാജരാക്കി തുടർ നടപടികൾ ഒഴിവാക്കേണ്ടതാണ്.

<u>4.വരവ് തുക ബാങ്കിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല</u>

01.12.2018 മുതൽ 14.01.2020 വരെയുള്ള തീയതികളിലെ ചിട്ടയിൽ ഉൾപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന തുകകൾ നഗരസഭയുടെ തനതു ഫണ്ടുകൾ നിക്ഷേപിക്കുന്ന BOB,SBIഅക്കൗണ്ടുകളിൽ ഒടുക്കു വന്നതായി കാണുന്നില്ല.

| ക്രമ നം. | തീയതി (ചിട്ട പ്രകാരം) | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 03.06.2019 | 3132/- | പ്രോപ്പർട്ടി ടാക്സ് |
| 2 | 04.06.2019 | 2458/- | പ്രോപ്പർട്ടി ടാക്സ് |
| 3 | 07.06.2019 | 611/- | പ്രോപ്പർട്ടി ടാക്സ് |
| 4 | 07.06.2019 | 954/- | പ്രോപ്പർട്ടി ടാക്സ് |
| 5 | 07.06.2019 | 4778/- | പ്രോപ്പർട്ടി ടാക്സ് |

| | | | |
|---|---|---|---|
| 6 | 10.06.2019 | 51880/- | പ്രോപ്പർട്ടി ടാക്സ് |
| 7 | 10.06.2019 | 6084/- | പ്രോപ്പർട്ടി ടാക്സ് |
| 8 | 30.08.2019 | 3750/- | പ്രൊഫഷൻ ടാക്സ് |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 44ന് മറുപടി നൽകിയിട്ടില്ല. തുക അടവായതിന്റെ രേഖകൾ രണ്ടു മാസത്തിനകം ഹാജരാക്കാത്ത പക്ഷം ഉത്തരവാദികളായവരുടെ പക്കൽ നിന്നും ഈടാക്കുന്നതിന് ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്.ഇതു സംബന്ധിച്ച് അടിയന്തിരമായി മറുപടി നൽകേണ്ടതാണ്. 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് റൂളിലെ ചട്ടം 16,17,21 എന്നിവയുടെ ലംഘനമാണ് മേൽ പറഞ്ഞ അപാകങ്ങളിൽക്കൂടി വ്യക്തമാകുന്നത്. ക്രമ നം 4 ൽ പരാമർശിച്ചിരിക്കുന്ന ബാങ്കിൽ അടവായതായി രേഖകൾ ലഭ്യമല്ലാത്ത തുക സംബന്ധിച്ച് അടിയന്തിരമായി മറുപടി ലഭ്യമാക്കാത്തപക്ഷം പണാപഹരണമായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

# 1-13 വസ്തു നികുതി നിർണയം-സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനം- അപാകങ്ങൾ

വസ്തു നികുതി നിർണ്ണയം, സോഫ്റ്റ് വെയർ പ്രവർത്തനങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ നില നിൽക്കുന്നു

1. 2011ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ പട്ടിക 1ന്റെ അടിസ്ഥാനത്തിൽ വികസിതം, വികസനസാദ്ധ്യതയുള്ളത്, വികസനം കുറഞ്ഞത് എന്നീ മാനദണ്ഡപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും ചട്ടങ്ങൾ 7(1) മുതൽ (5) വരെയുള്ള നിബന്ധനകൾ അനുസരിച്ച് പരസ്യപ്പെടുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചുപോരേണ്ടതുമാണ്. പ്രസ്തുത തരം തിരിവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയത്തിൽ ഇളവുകൾ നൽകേണ്ടതുണ്ട്. എന്നാൽ അപ്രകാരം മേഖല തിരിച്ചുള്ള നടപടികൾ നഗരസഭയിൽ നിന്ന് ഉണ്ടായിട്ടില്ല.

22.2.12 ലെ R2-12846/11 മുഖേനയുള്ള വസ്തുനികുതി പരിഷ്കരണ നോട്ടിഫിക്കേഷൻ പ്രകാരം പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തിരിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചുകൊണ്ടല്ല വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ വരവിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | പേര് | നോട്ടിഫിക്കേഷൻ പ്രകാരമുള്ള മേഖല | ഫോം.6ൽ ഉൾപ്പെടുത്തിയിരിക്കുന്ന മേഖല | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന വസ്തു നികുതി | അനർഹമായി നൽകിയിട്ടുള്ള ഇളവ് |
|---|---|---|---|---|---|---|
| 22/165 | ഫ്യൂസ് പ്ലസ് മീഡിയ(പ്രൈ.) ലിമിറ്റഡ് | ദ്വിതീയം | തൃതീയം | 455 ച.മീ | 27340 | 2734 |
| 6/212 | ധനുജാബീവി | പ്രഥമം | തൃതീയം | 301.8 | 301`8 | 603.6 |
| 6/207 | ലക്ഷ്മിപ്രഭ | പ്രഥമം | തൃതീയം | 212 | 2120 | 424 |
| 7/1459/3 | ഉമേഷ് ലതാകുമാരി | പ്രഥമം | ദ്വിതീയം | 32.72 | 3926 | 392.6 |
| 7/1459/4 | ഉമേഷ്,ലതാകുമാരി | പ്രഥമം | ദ്വിതീയം | 232.8 | 27849.6 | 2784.96 |

2.വസ്തു നികുതി നിർണ്ണയത്തിന് മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, വഴിസൗകര്യം എന്നിവയുടെ കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 ൽ മാന്വലായി രേഖപ്പെടുത്തി അംഗീകരിച്ച് സൂക്ഷിക്കുന്നുണ്ടെങ്കിലും ഇളവുകൾ/വർദ്ധനവുകൾ എന്നിവ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്നില്ല. 2011ലെ കേരള

മുനിസിപ്പാലിറ്റി വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ 6 ന്റെ അടിസ്ഥാനത്തിലുള്ള ഇളവുകളും വർദ്ധനവുകളും എന്നതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് (250 $m^2$ന മുകളിൽ) എല്ലാ കെട്ടിടങ്ങൾക്കും കണക്കാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പേര് | വാർഡ്നമ്പർ / ഡോർനമ്പർ | വിസ്തീർണ്ണം | നിർണ്ണയിക്കപ്പെട്ട വസ്തുനികുതി(മറ്റ് ഇളവുകൾ/ വർദ്ധന വുകൾക്കു ശേഷം) | വർദ്ധനവു വരുത്തേണ്ട തുക (അടിസ്ഥാന വസ്തു നികുതിയുടെ 15%) | ആകെ ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| ശ്രീകണ്ഠൻ ചെട്ടിയാർ | 1/30 (UA) | 198+65=263$m^2$ | 1188 | 1980*15%=297 | 1485/- | 297/- |

അപാകങ്ങൾ വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34)ന് നൽകിയ മറുപടിയിൽ പിഴവുകൾ പരിഹരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

3.സഞ്ചയയിലെ വസ്തു നികുതി, ഡി.സി.ബി പത്രിക, വാർഷിക ധനകാര്യ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. പോസ്റ്റിങ്ങ്, രസീത് എൻട്രി, ഡാറ്റാ കറക്ഷൻ എന്നിവയിലെ പൊരുത്തക്കേടാണ് ഇതിന് കാരണം. ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി നിയമം 245(i)പ്രകാരം ഒരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയമായിരിക്കുമെന്നിരിക്കെ മുനിസിപ്പാലിറ്റിയിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടവാക്കേണ്ടതായ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 5,6 ന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്തതായി രേഖകൾ ലഭ്യമായിട്ടില്ല. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കുവാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | IASC- Indian Association for savingsand credit | I,II |
| 2 | Nedumangad Taluk buildings workers welfare co-op society | I |
| 3 | Neyyattinkara Marketing Co-op society(Rubber Division) | I |
| 4 | Forest Court, NDD | I |
| 5 | Kerala state Bamboo Corporation | I, II |
| 6 | Kerala Health Research Welfare society | I |
| 7 | Arsha Bharathy central school | I,II |
| 8 | [illegible] | I |

| | | |
|---|---|---|
| 8 | Town Hotel co-operative society ,Municipal town hall | I |
| 9 | Welfare co-operative society,karipoor | I,II |
| 10 | National Health Mission office | I,II |
| 11 | Bank of Baroda,NDD | II |
| 12 | Programme Manager ASAP-Higher Education Dept | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം, നൽകേണ്ട നികുതി എന്നിവയുടെ കണക്കുകൾ ലഭ്യമാക്കി ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതിയും FATEOS ലൈസൻസും ഈടാക്കേണ്ടതാണ്.

22.01.2019 ലെ (സി എസ്)എ9/764/2019 നമ്പർ ഉത്തരവ് പ്രകാരം റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതിയും FATEOS ലൈസൻസ് ഫീയും ഈടാക്കേണ്ടതാണെന്നിരിക്കെ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന 33 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും FATEOS ലൈസൻസ് ഫീയും ഈടാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി 6(a)യ്ക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി ഫീസുകൾ ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 കടമുറികളിൽ നിന്നുള്ള വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ചുവടെ ചേർക്കുന്ന കടമുറികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നം | കട മുറി നം | വാടക നിരക്ക് | വാടക കുടിശ്ശിക വരുത്തിയ കാലയളവ് | വാടകക്കാരന്റെ പേര് |
|---|---|---|---|---|
| 1 | 14/305(13) | 2161/- | 6/2018 മുതൽ 10/2019 വരെ | രാജശ്രീ |
| 2 | 28/130(2) | 1323/- | 2/2016 മുതൽ | സെക്രട്ടറി. ഇ.കെ.നയനാർ വായനശാല |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 6/19 നുള്ള മറുപടിയിൽ വാടക കുടിശ്ശിക വരുത്തിയ മേൽ സ്ഥാപനങ്ങളിൽ ക്രമ നമ്പർ ഒന്നു പ്രകാരമുള്ള സ്ഥാപനം 10/2019ൽ പൂട്ടിക്കുകയും ക്രമ നമ്പർ 2 പ്രകാരമുള്ള സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തുവെന്നു അറിയിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള തുടർ നടപടികൾ കൃത്യമായി നടപ്പാക്കേണ്ടതും മേൽ സ്ഥാപനങ്ങളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുകയും ആയവ പുതിയ വാടകകാർക്ക് നൽകി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-17 ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നില്ല-വരുമാന നഷ്ടം

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ടൗൺ ഹാൾ ഷോപ്പിംഗ് കോംപ്ലക്സിൽ 69 കടമുറികളുണ്ട്. എന്നാൽ 14 എണ്ണം മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. 55 കടമുറികൾ പ്രവർത്തനരഹിതമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 33 ന് നൽകിയ മറുപടിയിൽ 15-16 മുതൽ എല്ലാ വർഷവും ലേല, പുനർ ലേല ഓഫർ എന്നീ നടപടി ക്രമങ്ങൾ പൂർത്തിയായിയെങ്കിലും ആരും തന്നെ കടമുറികൾ ഏറ്റെടുത്തിരുന്നില്ല എന്നും 2020-21 ലേയ്ക്കുള്ള ലേല നടപടികൾ ആരംഭിച്ചിട്ടുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. നെടുമങ്ങാട് ടൗണിന്റെ പ്രധാനഭാഗത്ത് നിലകൊള്ളുന്ന ഷോപ്പിംഗ് കോംപ്ലക്സിൽ ഇത്രയധികം കടമുറികൾ ഒഴിഞ്ഞുകിടക്കുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതും പ്രസ്തുത കടകൾ വാടകകാർക്ക് നൽകി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 മരാമത്ത് പ്രവൃത്തികൾ കരാർ ചമയ്ക്കുന്നതിലെ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009-6ൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ചതിനു ശേഷം കരാർ ചമയ്ക്കുന്നതിനു കാലതാമസം വരുത്തിയതിനു ചട്ടപ്രകാരം ഈടാക്കേണ്ടതായ പിഴ ഈടാക്കിയതായി കാണുന്നില്ല.

| പ്രോജക്ട് നമ്പർ/ പേര് | കരാറുകാരൻ | അടങ്കൽ /ചെലവ് | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | കരാർ ചമയ്ക്കേണ്ട തീയതി | കരാർ വച്ച തീയതി |
|---|---|---|---|---|---|
| 103/18-19 കുന്നംപുറം-കല്ലമ്പാറ-ഓട നിർമ്മാണം | എൻ.രഘുനാഥൻ | 601972/-, 575936/- | 18.07.2018 | 1.08.2018 | 17.09.2018 |
| 247/18-19 ഉളിയൂർ ചിറ നവീകരണം | പ്രദീപ്.എസ് | 859506/-, 0 | 18.07.2018 | 1.08.2018 | 08.08.2018 |
| 235/18-19 കൊപ്പം കമ്മ്യൂണിറ്റി സെന്റർ റോഡ് സൈഡ് വാൾ നിർമ്മാണം | ഷഹീദ്.എസ് | 372000/-, 371985/- | 18.7.2018 | 1.08.2018 | 02.08.2018 |
| (SO 309/19) നെട്ടവിളാകം-മങ്ങിണിക്കോണം ഇടറോഡ് ഇന്റർ ലോക്ക് | എ.സുരേഷ് കുമാർ | 129475/-, 91590/- | 18.09.2017 | 2.10.2017 | 5.10.2017 |

| | | | | | |
|---|---|---|---|---|---|
| 202/18-19<br><br>ചാമവിള കുടിവെള്ള സൗകര്യം | ഷിബു സതീഷ് | 444215/-,0 | 30.08.2017 | 13.09.2017 | 11.10.2017 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 26 നുള്ള മറുപടിയിൽ പ്രസ്തുത തുകകൾ കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്ന് തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-19 ശമ്പള പരിഷ്ക്കരണങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാർക്ക് കാലാകാലങ്ങളിൽ ലഭിക്കുന്ന ശമ്പള പരിഷ്ക്കരണങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അംഗീകരിക്കണമെന്നിരിക്കെ ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്ക്കരണങ്ങൾക്ക് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നം | പേര്,തസ്തിക | സേവനത്തിൽ പ്രവേശിച്ച തീയതി | അപാകത |
|---|---|---|---|
| 1 | ശ്രീ. ജി.തോമസ്,<br>(എൽ.ഡി.സി/ബി.സി) | 12.04.1994 | 2004 വരെയുള്ള ശമ്പള പരിഷ്ക്കരണങ്ങൾക്ക് മാത്രമേ അംഗീകാരം വാങ്ങിയിട്ടുള്ളൂ. |
| 2 | ശ്രീമതി.സ്മിത മോഹൻ<br>(ഓഫീസ് അറ്റൻഡന്റ്) | 24.03.2014 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 3 | ശ്രീ.ഷിബു അഹമ്മദ്<br>(സീനിയർ ക്ലാർക്ക്) | 23.11.2000 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 4 | ശ്രീ.രാമകുമാർ.എം.ആർ<br>(ജൂനീയർ ഹെൽത്ത് ഇൻസ്പ്പെക്ടർ) | 17.01.2002 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 5 | ശ്രീ.എസ്.കിരൺ<br>(ജൂനീയർ ഹെൽത്ത് ഇൻസ്പ്പെക്ടർ) | 23.01.2004 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 6 | ശ്രീ.അജയകുമാർ.എസ്.എൽ<br>(പ്യൂൺ) | 1.11.2010 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 7 | ശ്രീമതി.ആലീസ് ജോസി<br>(ജൂനീയർ ഹെൽത്ത് ഇൻസ്പ്പെക്ടർ) | 1.07.2004 | 2004 വരെയുള്ള ശമ്പള പരിഷ്ക്കരണങ്ങൾ മാത്രമേ അംഗീകരിച്ചുള്ളൂ. |
| 8 | ശ്രീമതി.ശാന്തി.റ്റി<br>(പ്യൂൺ) | 26.11.2007 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 9 | ശ്രീ.അഖിൽ വിൻസന്റ്<br>(ഓഫീസ് അറ്റൻഡന്റ്) | 11.11.2013 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 10 | ശ്രീ.മുരളീധരൻ നായർ<br>(എൽ.ഡി.സി/ബി.സി) | 26.07.2000 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 11 | ശ്രീ.ആർ .വിൽഫ്രഡ്<br>(എൽ.ഡി.സി/ബി.സി) | 09.08.2004 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 12 | ശ്രീ.അനീഷ്.ജെ.പി<br>(എൽ.ഡി.സി/ബി.സി) | 19.04.2003 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 13 | ശ്രീമതി.ശുഭ.എസ്.കെ<br>(എൽ.ഡി.ടൈപ്പിസ്റ്റ്) | 18.01.2013 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 14 | ശ്രീമതി.ഷാനി അസീസ്<br>(എൽ.ഡി.സി/ബി.സി) | 31.03.2010 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |

| | | | |
|---|---|---|---|
| 15 | ശ്രീ.ഷാജി.എം.ഐ (എൽ.ഡി.സി/ബി.സി) | 14.08.2012 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 16 | ശ്രീമതി.ദിവ്യ.എസ്.നായർ (എൽ.ഡി.സി/ബി.സി) | 04.10.2012 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 17 | ശ്രീമതി.അനില റാണി (എൽ.ഡി.സി/ബി.സി) | 30.11.2012 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 18 | ശ്രീമതി.പ്രസന്നകുമാരി.എസ് (എൽ.ഡി.സി/ബി.സി) | 11.03.2010 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 19 | ശ്രീ.ബൈജു.ഡി (എൽ.ഡി.സി/ബി.സി) | 5.02.2004 | 2004 വരെയുള്ള ശമ്പള പരിഷ്ക്കരണങ്ങൾ മാത്രമേ അംഗീകരിച്ചുള്ളു. |
| 20 | ശ്രീമതി.ഹെൽമിബായി (എൽ.ഡി.സി/ബി.സി) | 1.12.2010 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 21 | ശ്രീ.ഗിരീഷ് ഗോപാൽ (എൽ.ഡി.സി/ബി.സി) | 2.11.2005 | 2009വരെയുള്ള ശമ്പള പരിഷ്ക്കരണങ്ങൾ മാത്രമേ അംഗീകരിച്ചിട്ടുള്ളു. |
| 22 | ശ്രീ. ഉദയകുമാർ (ഓഫീസ് അറ്റൻഡന്റ് ) | 19.04.2007 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |
| 23 | ശ്രീമതി. ഉഷാകുമാരി,ബി (ഓഫീസ് അറ്റൻഡന്റ് ) | 1.07.2010 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 1 ന മറുപടി ഹാജരാക്കിയിട്ടില്ല. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണങ്ങൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാകേണ്ടതിന ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കുന്നില്ല-മുനിസിപ്പൽ പെൻഷൻഫണ്ട് പരിപാലിക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി (എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) റൂൾസ് 1996ൽ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക മാസാമാസം അടവാക്കുന്നതിനം പെൻഷൻ ആനുകൂല്യങ്ങളും പെൻഷൻ തുകയും വിതരണം ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്.

1. കേരള മുനിസിപ്പാലിറ്റി ഡി.സി.ആർ.ബി.റൂൾസ് 1996 റൂൾ 6ൽപ്രതിപാദിച്ചിരിക്കുന്ന സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കേണ്ടതായ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ 15% വരുന്ന തുക എല്ലാ മാസവും ജീവനക്കാരുടെ ശമ്പളബില്ലിനോടൊപ്പം പിൻവലിക്കേണ്ടതും അതതുമാസം 25 ന മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതുമാണ്.

2018- 19 വർഷത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ മുനിസിപ്പാലിറ്റി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.

2. 1996ലെ റൂൾസ് റൂൾ 8 (4),(5),(6)എന്നിവ പ്രകാരം തുക അടവാക്കുന്നതിനു കാലതാമസം നേരിടുകയോ അടക്കാതിരിക്കുകയോ ചെയ്യുന്നതിന് നഗരകാര്യഡയറക്ടറുടെ നിർദേശപ്രകാരം പലിശ സഹിതം അടവാക്കേണ്ടതും അല്ലാത്ത പക്ഷം മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 309 പ്രകാരമുള്ള നടപടികൾക്കു വിധേയമാകേണ്ടതുമുണ്ട്. പ്രസ്തുത നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

3. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാകുന്ന തുക സെക്രട്ടറിയുടെ പേരിലുള്ള മുനിസിപ്പൽ പെൻഷൻഫണ്ട് എന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് പെൻഷൻ വിതരണത്തിനു മാത്രമായി ഉപയോഗിക്കേണ്ടതാണ്. എന്നാൽ16-17,17-18 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നഗരസഭയിൽ നിന്നും ലഭ്യമായ വിവരപ്രകാരം ഇപ്രകാരമൊരു പെൻഷൻഫണ്ട് പരിപാലിക്കുന്നില്ല എന്നും ആയതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷൻഫണ്ട് നിലവിൽ പരിപാലിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-21 വെള്ളക്കരം-വാട്ടർ അതോറിറ്റിക്ക് ഒടുക്കാനുള്ള തുക

പദ്ധതി നമ്പർ - 430/19

20-01-2020 ലെ വാട്ടർ അതോറിറ്റി അരുവിക്കരയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 6,58,73,515/- രൂപ വെള്ളക്കരമിനത്തിൽ കുടിശ്ശികയായി അവശേഷിക്കുന്നു. അതിൽ 12,56,404/- രൂപ പിഴയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(നം.7) ത്തിനുള്ള മറുപടിയിൽ താഴെപ്പറയും പ്രകാരം 1,12,29,620/- രൂപ ഒടുക്കുവരുത്തിയതായിപ്പറയുന്നു.

| ക്രമ നം | ഒടുക്കുവിവരം | തുക |
|---|---|---|
| 1 | സർക്കാർ നേരിട്ട് വാട്ടർ അതോറിറ്റിക്ക് നൽകിയത് | 36,21,375 |
| 2 | പ്ലാൻഫണ്ട് അലോട്ട്മെന്റിൽ നിന്ന് കുറവ് ചെയ്തത് | 58,69,218 |
| 3 | 2018-19 വർഷത്തെ പദ്ധതിയിൽനിന്ന് ഒടുക്കുവരുത്തിയത് | 17,39,027 |
| | ആകെ | 1,12,29,620 |

മേൽപ്പറഞ്ഞ 1,12,29,620/- രൂപ കിഴിവ് വരുത്താതെയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് തയ്യാറാക്കിയത്. പ്രസ്തുത തുക കിഴിവ് വരുത്തുമ്പോൾ കുടിശ്ശിക തുക 5,46,43,895/- രൂപയായി കുറയും. പിഴയിനത്തിൽ ആനുപാതിക കുറവ് ഡിമാന്റിൽ വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. കുടിശ്ശിക തുക ഒടുക്കുവരുത്തി നഗരസഭയുടെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റി ,ജനറൽ കമ്മിറ്റി എന്നിവയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

<u>സംയുക്ത പരിശോധന നടത്തിയിട്ടില്ല</u>

നഗരസഭയും വാട്ടർ അതോറിറ്റിയും ചേർന്ന് 8 വാർഡുകളിലെ ജലവിതരണത്തെ സംബന്ധിച്ച സംയുക്ത പരിശോധന മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ബാക്കിയുള്ള 31 വാർഡുകളുടെ പരിശോധന പൂർത്തിയാക്കേണ്ടതാണ്.

<u>വാട്ടർ ചാർജ് രജിസ്റ്റർ കാലികമല്ല</u>

31-3-2017 വരെയുള്ള വിവരങ്ങൾ മാത്രമേ വാട്ടർ ചാർജ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളൂ. ആയത് കാലികമാക്കേണ്ടതാണ്.

# 1-22 ചെലവ് രേഖകൾ ഹാജരാക്കിയില്ല -1864237/-രൂപ തടസ്സപ്പെടുത്തുന്നു

1)തനത് ഫണ്ട് ബാങ്ക്, ട്രഷറി അക്കൗണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുള്ള താഴെ പറയുന്ന തുകകളുടെ ചെലവ് സംബന്ധിച്ച വ്യക്തമായ രേഖകളോ സബ് വൗച്ചറുകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | വൗച്ചർ നമ്പർ | തുക | ചെലവ് ഇനം | ചെക്ക് നമ്പർ തീയതി |
|---|---|---|---|---|
| 1. | 30/4-18 | 11598 | കേടായ ഫാൻ മാറ്റി പുതിയത് സ്ഥാപിച്ചത് | 2457/ 7.4.18 |
| 2. | 41/4-18 | 75084 | വാഹനത്തിന്റെ ഡീസൽചാർജ്ജ് | 2464/ 12.4.18 |
| 3. | 44/4-18 | 50000 | കിള്ളിയാർ ശുചീകരണം | 2466/ 13.4.18 |
| 4. | 53/4-18 | 196221 | 3/18 ലെ ജി.എസ്സ് റ്റി തുക | 2471/ 16.4.18 |
| 5. | 7/4-18 | 22742 | NULM സ്പർശം കാമ്പയിന്റെ ഭാഗമായ ചെലവ് | 144765/ 27.4.18 |
| 6. | 92/4-18 | 2000 | വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സ്റ്റേഷനറി വാങ്ങിയത് | 2496/ 8.4.18 |
| 7. | 158/5-18 | 617560 | എഞ്ചിനീയറിങ്ങ് വിങ്ങിന്റെ ശമ്പളം | 2897502/ 18.5.18 |
| 8. | 19/5-18 | 42400 | ബഡ്ജറ്റ് പ്രിന്റിങ്ങ് ചെലവ് | 2536/ 29.5.18 |
| 9. | 209/6-18 | 15315 | കിള്ളിയാർ മാലിന്യമുക്തമാക്കൽ | 2542/ 2.6.18 |
| 10. | 221/6-18 | 20000 | ഹരിത കേരള മിഷൻ - പുഴ അറിവ് പരിപാടി | 2546/ 6.6.18 |
| 11. | 258/6-18 | 39600 | യു.പി.എസ് വാങ്ങിയതിന്റെ ചെലവ് | 5190970/ 22.6.18 |
| 12. | 281/6-18 | 141000 | സ്കൂൾ ബാഗ്, കുട (300എണ്ണം )വാങ്ങിയത് | 519079/ 26.6.18 |
| 13. | 293/6-18 | 46103 | MRF സെന്റർ ഉദ്ഘാടനം | 519082/ 29.6.18 |
| 14. | 452/8-18 | 45000 | 2018ബലിതർപ്പണച്ചടങ്ങുകൾക്ക് സജ്ജീകരണം | 2682/ 9.8.18 |
| 15. | 250/6-18 | 27949 | വാഹനം - ഡീസൽ ചാർജ്ജ് | 519066/ 21.6.18 |
| 16. | 251/6-18 | 37365 | വാഹനം - ഡീസൽ ചാർജ്ജ് | 519066/ 21.6.18 |
| 17. | 252/6- | 42088 | വാഹനം - ഡീസൽ ചാർജ്ജ് | 519067/ |

| | | | | |
|---|---|---|---|---|
| | 18 | | | 21.6.18 |
| 18. | 531/8-18 | 75000 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തിയത് | 2700/ 30.8.18 |
| 19. | 528/8-18 | 100000 | ജനപ്രതിനിധികൾ ദുരിതാശ്വാസ നിധി യിലേക്ക് അടച്ചത് | 2897534/ 10.8.18 |
| 20. | 608/9-18 | 31625 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് അനുവദിച്ചത് | 2728/ 26.9.18 |
| 21. | 936/1-18 | 30826 | ഫർണിച്ചർ ബിൽ തുക-സിഡ്കോ | 3108/ 5.1.19 |

**ആകെ – 1669476**

2) താഴെ പറയുന്ന ചെക്കുകൾ മുഖേന ചെലവ് നടത്തിയതായി ചെക്ക് വിതരണ രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ പ്രസ്തുത ചെലവുകളുടെ കൃത്യത സാധൂകരിക്കുന്ന വൗച്ചറുകൾ, സബ് വൗച്ചറുകൾ, ബില്ലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | വൗച്ചർ നമ്പർ | തുക | ചെക്ക് നമ്പർ | തീയതി |
|---|---|---|---|---|
| 1. | 31/4-18 | 10420 | 2458 | 7.4.18 |
| 2. | 55/4-18 | 26208 | 141487 | 20.4.18 |
| 3. | 87/4-18 | 15955 | 2493 | 27.4.18 |
| 4. | 117/5-18 | 26278 | 2500 | 4.5.18 |
| 5. | 168/5-18 | 4000 | 2525 | 25.5.18 |
| 6. | 177/5-18 | 900 | 2534 | 29.5.18 |
| 7. | 178/5-18 | 1000 | 2535 | 29.5.18 |

**ആകെ – 84761**

3) വിവിധ ആവശ്യങ്ങൾക്കായി തുക മുൻകൂറായി നൽകിയിട്ടുണ്ട് എന്നാൽ മുൻകൂറായി നൽകിയ തുകയുടെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി ക്രമീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | വൗച്ചർനമ്പർ | തുക | റിമാർക്ക്സ് |
|---|---|---|---|
| 1. | 44/4-18 | 50000 | അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി ക്രമീകരിച്ചിട്ടില്ല. |
| 2. | 92/4-18 | 2000 | “ |
| 3. | 452/8-18 | 45000 | “ |
| 4. | 643/10-18 | 8000 | “ |
| 5. | 699/10-18 | 5000 | “ |

**ആകെ 110000**

മുൻകൂർ ക്രമീകരിക്കാത്ത പക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(41) മറുപടിനൽകിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ 1864237/- (1669476+84761+110000) രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-23 മുൻകൂർ ക്രമീകരിച്ചിട്ടില്ല- തുക പിഴപ്പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

മുൻകൂർ രജിസ്റ്റർ പ്രകാരം താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചതായി കാണുന്നില്ല.

| ക്രമനമ്പർ | മുൻകൂർ നൽകിയ തീയതി | കൈപ്പറ്റിയ ജീവനക്കാരുടെപേര് | ചെലവ് ഇനം | വൗച്ചർ നമ്പർ | തുക |
|---|---|---|---|---|---|
| 1. | 9.10.17 | രാജൻ മൈക്കിൾ, ക്ലർക്ക് | Advance for keralolsavam | 662 10/17 | 50000 |
| 2. | 27.9.17 | രാജൻ മൈക്കിൾ, ക്ലർക്ക് | Advance for Advertisement | 600 9/17 | 10000 |
| 3. | 19.10.17 | രാജൻ മൈക്കിൾ, ക്ലർക്ക് | Advance for keralolsavam | 685 10/17 | 50000 |
| 4. | 21.10.17 | സുമേഷ് | Advance for vehicle test | 689 10/17 | 4000 |
| 5. | 17.11.17 | അനീഷ് ജെ.പി | Advance-fee | 790 11/17 | 1000 |
| 6. | 18.1.18 | രാംകുമാർ എം.ആർ എച്ച്.ഐ | Advance for online registration | 961 1/18 | 3000 |
| 7. | 17.3.18 | ഷൈലജ, PWO-2 | Advance for maintenance of vehicle | 1131 3/18 | 3000 |
| 8. | 6.6.18 | ബിജുസോമൻ, JHI | Advance for puzhayarivu | 221 6/18 | 20000 |
| 9. | ലഭ്യമല്ല | ബിജുസോമൻ, JHI | Advance for puzhayarivu | 442/18 | 5000 |
| 10. | ലഭ്യമല്ല | മിനി.ജി | Advance for purchase of modem | 56 1/18 | 2500 |
| 11. | 19.12.18 | ചന്ദ്രകുമാർ,PWO- | Advanceefor office maintenance | 885/18 | 25000 |
| 12. | 24.1.18 | രാംകുമാർ എം.ആർ എച്ച്.ഐ | Advancepayment | 1006/18 | 20000 |
| 13. | | അനീഷ് ജെ.പി | Advance for vehicle | 1112/19 | 9887 |
| 14. | 23.2.19 | E2/PHI/338/18 | Advancemaintenance of vehicle | 1135/19 | 7580 |

ക്രമ നമ്പർ 1 മുതൽ 7 വരെ പരാമർശിച്ചിരിക്കുന്ന മുൻകൂറുകൾ 2017-18 വർഷം അനുവദിച്ചതാണ്. വിശദാംശങ്ങൾ 2017-18 ലെ റിപ്പോർട്ടിൽ ഖണ്ഡിക 3-25 ആയി പരാമർശിച്ചിട്ടുണ്ടെങ്കിലും ഇത് വരെ അന്തിമ ബിൽ തയ്യാറാക്കി തുക ക്രമീകരിച്ചിട്ടില്ല. ക്രമ നമ്പർ 1,2,3 എന്നിവ പ്രകാരം മുൻകൂർ കൈപ്പറ്റിയത് ശ്രീ രാജൻ മൈക്കിൾ, ക്ലാർക്കാണ്. ഒരു തവണ അനുവദിച്ച തുക ക്രമീകരിച്ച ശേഷം മാത്രമേ തുടർന്ന് തുക മുൻകൂറായി

നൽകാൻ പാടുള്ളൂ. ടിയാളിൽ നിന്ന് 1,10,000/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്. മുൻക്കൂറുകൾ അടിയന്തിരമായി ക്രമീകരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ പിഴപ്പലിശ സഹിതം തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-24 എം ബാങ്ക് മെന്റ് നിർമ്മാണം-അധികച്ചെലവ്-9660/- രൂപ

പ്രോജക്റ്റ് നം.14/18-19 പ്രകാരം എം ബാങ്ക് മെന്റ് നിർമ്മാണത്തിന് ഇനം 1 ലെ earth work excavation വഴി ലഭിച്ച മണ്ണ് ഉപയോഗിച്ചത് ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി തുക നൽകിയതിനാൽ താഴെ പറയും വിധം അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്

അനുവദിച്ച തുക 660.96m3* 300/$m^3$ =198288/-രൂപ

((എം.ബുക്ക് പേജ് നം 19)

അധികം നൽകിയ തുക (198288-188628/-) =9660

വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ പ്രതിപാദിച്ചിരിക്കുന്നു

# 1-25 കുളവിക്കോണം ചിറ നവീകരണം- വികസനഫണ്ട് ചെലവഴിച്ചില്ല- കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 311/19 |
| പേര് | കുളവിക്കോണം ചിറ നവീകരണം |
| അടങ്കൽ | 608596 |
| ചെലവ് | 326587 |
| ബിൽ നമ്പർ, തീയതി | 1)493/17-18 തീയതി.27.3.18<br>2)504/18-19 തീയതി.19.3.19 |
| ഫണ്ട് | ധനകാര്യകമ്മിഷൻ ഗ്രാന്റ് (വികസന ഫണ്ട്) |
| കരാറുകാരൻ | ശ്രീ.അഹമ്മദുൾ കബീർ |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ |

പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിൽ വന്ന അപാകങ്ങൾ താഴെ പറയുന്നു.

1)2017-18 വർഷം 2000000/-രൂപ അടങ്കൽ നിശ്ചയിച്ച പ്രോജക്റ്റാണ് ചിറ നവീകരണം,ചിൽഡ്രൻസ് പാർക്ക്, പമ്പ്ഹൗസ് എന്നിവയുടെ നിർമ്മാണം,വൈദ്യുതീകരണം എന്നിവ. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമായെങ്കിലും ചിറനവീകരണം മാത്രം ഉൾപ്പെടുത്തി പ്രവൃത്തി ടെണ്ടർ ചെയ്തതായി കാണുന്നു. 962050/- രൂപ ക്വാട്ട് ചെയ്ത കരാറുകാരനെ തെരഞ്ഞെടുക്കുകയുണ്ടായി.

ഇപ്രകാരം സ്പിൽ ഓവറായ പദ്ധതിയിൽ ചിറ നവീകരണം മാത്രം നടപ്പാക്കുകയുണ്ടായി. കുട്ടികളുടെ പാർക്ക്, പമ്പ്ഹൗസ് എന്നിവയുടെനിർമ്മാണം, വൈദ്യുതീകരണം എന്നിവയുൾപ്പെടെയുള്ള അടങ്കൽ തുകയിൽ നിന്നും ആ പ്രവൃത്തികൾ തൻവർഷമോ സ്പിൽ ഓവറായോ നടപ്പാക്കിയിട്ടില്ല. ഫലത്തിൽ പ്രസ്തുത പ്രവൃത്തിക്കു വേണ്ടി നീക്കിവച്ച തുക ലാപ്സായതായി കാണുന്നു. ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നതിലെ ഉദാസീനത മൂലം തുകകൾ ലാപ്സാവുന്നത് ഒഴിവാക്കുന്നതിനായി വികസന കാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വ്യതിയാനങ്ങൾ വരുത്തി 31 എക്സ്ട്രാ ഐറ്റങ്ങൾ ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തിയാക്കിയത്. 25.7.18 ന് വർക്ക് ഓർഡർ നൽകി ആറുമാസക്കാലയളവിൽ പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തിയാക്കിയത് 31.1.19 ൽ മാത്രമാണ്. കരാറുകാരന്റെ എഗ്രിമെന്റ് കാലാവധി പുതുക്കി നൽകിയിട്ടുണ്ടെന്നും സപ്ലിമെന്ററി എഗ്രിമെന്റ് സമർപ്പിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി 45 ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകിയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത ഫയൽ രേഖകളിൽ പ്രവൃത്തി നിശ്ചിത കാലയളവിൽ പൂർത്തിയാക്കാത്തതിന് ടിയാനോട് വിശദീകരണം ആവശ്യപ്പെട്ടതായും കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ എഗ്രിമെന്റ് കാലാവധി പുതുക്കി നൽകിയിട്ടുള്ളതിന്റെയും സപ്ലിമെന്ററി എഗ്രിമെന്റ് സമർപ്പിച്ചിട്ടുള്ളതിന്റെയും രേഖകൾ ഹാജരാക്കേണ്ടതും കാലാവധിക്കകം പൂർത്തിയാക്കാത്തതുണ്ടെങ്കിൽ ആയതിന് നിയമാനുസൃത പിഴ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-26 കരാറുകാർക്ക് റിട്ടെൻഷൻ തുക തിരികെ നൽകിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുള്ളതും മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനമായ ചുവടെ ചേർക്കുന്ന പദ്ധതികൾ സമയപരിധിക്കകത്തുതന്നെ പൂർത്തിയാക്കിയെങ്കിലും നാളിതുവരെയായും കരാറുകാർക്ക് റിട്ടെൻഷൻ തുക തിരികെ നൽകിയിട്ടില്ല.

| പ്രോജക്ട് നമ്പർ/ പേര് | കരാറുകാരൻ | അടങ്കൽ /ചെലവ് | പണി ആരംഭിച്ച തീയതി | പണി പൂർത്തീ കരിച്ച തീയതി | റിട്ടെൻഷൻ തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 138/18-19<br>മല്ലമ്പ്രക്കോണം പാർശ്വഭിത്തി, ടാറിംഗ്,ഇടറോഡ് കോൺക്രീറ്റിംഗ് | എൽ.എൽ.ജോസ് | 965045/-,<br>96500/- | 6.12.2018 | 20.02.2019 | 48250/- രൂപ<br>(5%) | |
| 114/18-19<br>മുണ്ടകോണം എസ്.സി കോളനി സൈഡ് വാൾ നിർമ്മാണം | ശ്രീകാന്ത്.ജി | 770825/-<br>770762/- | 26.12.2018 | 26.03.2019 | 38538/- രൂപ<br>(5%) | ചെലവ് പത്രിക പ്രകാരം ചെലവ് 0 ആണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| 196/18-19<br>വേടരുക്കോണം കാണവിള റോഡ് കോൺക്രീറ്റും സൈഡ് വാൾ നിർമ്മാണവും | കെ.രവീന്ദ്രൻ | 731805/-<br>730156/- | 2.11.2018 | 24.01.2019 | 36508/- രൂപ<br>(5%) | |
| 247/181-9<br>ഉളിയൂർ ചിറ നിർമ്മാണം | പ്രദീപ്.എസ് | 859506/-<br>827995/- | 3.12.2018 | 24.01.2019 | 41400/- രൂപ<br>(5%) | ചെലവ് പത്രിക പ്രകാരം ചെലവ് 0 ആണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| 202/18-19<br>ചാമവിള കുടിവെള്ള സൗകര്യം(എസ്.സി.പി) | ഷിബു സതീഷ് | 444215/-<br>285741/- | 3.12.2018 | 19.03.2019 | 28574/- രൂപ<br>(10%) | ചെലവ് പത്രിക പ്രകാരം ചെലവ് 0 ആണ് രേഖപ്പെടുത്തിയിട്ടുള്ളത് |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 27 ന കരാറുകാർ ആവശ്യപ്പെടാത്തതിനാലാണ് റിട്ടെൻഷൻ തുക തിരികെ നൽകാത്തതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ കാലതാമസം വരുത്തിയിട്ടില്ലെങ്കിൽ പോലും റീടെൻഷൻ തുക നഗരസഭാ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമവിരുദ്ധമാണ്. കൺസോളിഡേറ്റഡ് ഫണ്ടിലെ തുക നഗരസഭാ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് അടിയന്തിരമായിപരിശോധിച്ച് ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-27 മുന്നൊരുക്കവും ദിശാബോധവുമില്ലാതെ കിച്ചൻ ബിൻ സ്ഥാപിക്കൽപദ്ധതി- വികസനഫണ്ട് പാഴാവുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 397/19 |
| പേര് | നഗരസഭ ഗുണഭോക്തൃ വിഹിതം ഒടുക്കിയിട്ടുള്ള ഗുണഭോക്താക്കൾക്ക് കിച്ചൻ ബിൻ |
| അടങ്കൽ | 1000400 |
| ചെലവ് | 0 |
| ഫണ്ട് | ധനകാര്യകമ്മീഷൻ അവാർഡ്(499993),തനത് ഫണ്ട്(207),ഗുണഭോക്തൃ വിഹിതം(500200) |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | ആരോഗ്യകാര്യം |
| ഡി.പി.സി തീരുമാനം | 397/DSM/NDD/18 |

ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശുപാർശയിൽ (1/31.8.18) 1000400/- രൂപ അടങ്കൽ നിശ്ചയിച്ച് ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ നടപടിക്രമങ്ങളിലൂടെ പദ്ധതി നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ഇ-ടെണ്ടർ, റീ ഇ ടെണ്ടർ എന്നിവ നടത്തിയിട്ടും ആരും ക്വോട്ട് ചെയ്യാത്തതിനാൽ ഓഫർ ക്ഷണിച്ചതിൽ നിന്നും ബയോജൻ എന്ന കമ്പനിയെ തെരഞ്ഞെടുത്തു. 2440 ഗുണഭോക്താക്കൾക്ക് കിച്ചൻ ബിൻ സ്ഥാപിക്കുന്നതിനായി 983320/- +GST എന്ന തുകക്കാണ് അംഗീകരിച്ചത്. എന്നാൽ GST നിരക്ക് എത്രയാണെന്നോ ആയത് ഉൾപ്പെടുമ്പോൾ അടങ്കൽ തുകയേക്കാൾ കൂടുമോ എന്നത് ഉറപ്പ് വരുത്താതെയും കണക്കിലെടുക്കാതെയും ആണ് പദ്ധതിയുമായി മുന്നോട്ട് പോയത്.

2. നഗരസഭയിൽ ഗുണഭോക്തൃ വിഹിതം ഒടുക്കിയ ഗുണഭോക്താക്കൾക്ക് കിച്ചൻ ബിൻ സ്ഥാപിക്കൽ എന്നതാണ് പ്രോജക്ട്. എന്നാൽ ഗുണഭോക്താക്കൾ വിഹിതം ഒടുക്കിയതിന്റെയും ഗുണഭോക്താക്കളുടെ എണ്ണം 2440 ആയി നിശ്ചയിച്ചതിന്റെയും വിശദാംശങ്ങൾ, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 8ന് നൽകിയ മറുപടിയിൽ 2017-18 വർഷം വാർഡ് സഭ അംഗീകരിച്ച ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്നാണ് അറിയിച്ചത്.

3. 1.3.19 ൽ സെലക്ഷൻനോട്ടീസ് അയയ്ക്കുകയും തുടർന്ന് 8.3.19, 16.3.19, 23.3.19 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പുകൾ അയയ്ക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ നാളിതുവരെയായി സ്ഥാപനം കരാർ ചമക്കുകയോ, പ്രവൃത്തി നടപ്പാക്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ പ്രകാരം ടി സ്ഥാപനത്തിനെതിരെ ഇ.എം.ഡി കണ്ടുകെട്ടൽ തുടങ്ങിയ നടപടിക്രമങ്ങൾ സ്വീകരിക്കാത്തതിന് സാധൂകരിക്കത്തക്കതായ വിശദീകരണം നൽകിയിട്ടില്ല.

4.2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ 2017-18ൽ സ്പിൽ ഓവറായി തുടരുന്ന കിച്ചൻ ബിൻ പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഒടുക്കിയ 1172 ഗുണഭോക്താക്കൾക്ക് (2650-1478) കിച്ചൻ ബിൻ സ്ഥാപിച്ചു നൽകാൻ കഴിഞ്ഞിട്ടില്ല എന്നു പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾക്ക് കൂടി കിച്ചൻ ബിൻ ലഭ്യമാക്കേണ്ടതുണ്ടെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട് (ഫയൽ നമ്പർ-PH-1/12324/18). എന്നിട്ടും 18-19ൽ

1000400/- രൂപ അടങ്കൽ നിശ്ചയിച്ച പ്രസ്തുത പ്രോജക്ടിൽ ഒരു തുടർ നടപടിയും സ്വീകരിക്കാതെ 19-20 ൽ വീണ്ടും 512500/- രൂപയുടെ പ്രോജക്ടിന് അംഗീകാരം നല്കിയിരിക്കുകയാണ്. ഫലത്തിൽ 17-18 ലെ സ്പിൽ ഓവർ തുക ലാപ്സാവുകയും 18-19 ൽ പദ്ധതിയിൽ ഒരു രൂപ പോലും ചെലവഴിക്കാൻ സാധിക്കാതെ വരികയും ചെയ്തിരിക്കുന്നു. മാലിന്യ സംസ്കരണം, പരിസരശുചിത്വം എന്നീ അനിവാര്യചുമതലകൾ ഉൾപ്പെടുന്ന പദ്ധതികൾ ആർജവത്തോടെ നടപ്പാക്കുന്നതിനും സർക്കാർ ഈ മേഖലക്കനുവദിക്കുന്ന തുക ലാപ്സാവാതെയിരിക്കുന്നതിനും ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

# 1-28 ബയോഗ്യാസ് പ്ലാന്റ്-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 181/19 |
| പേര് | ബയോഗ്യാസ് പ്ലാന്റ് |
| അടങ്കൽ | 2000000 |
| ചെലവ് | 255968 |
| ബിൽനമ്പർ, തീയതി | 1.7/18-19(119985) തീയതി 6.11.18<br>2.12/18-19(87989) തീയതി 30.1.19<br>3.14/18-19(47994)തീയതി 15.3.19 |
| ഫണ്ട് | ധനകാര്യകമ്മീഷൻ അവാർഡ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | ആരോഗ്യകാര്യം |
| ഡി.പി.സി തീരുമാനം | DCM/TVM/NDD/181/18-19 തീയതി 17.4.18 |

ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 17.4.2018 ലെ ഡി.പി.സി തീരുമാനം (DCM/TVM/NDD/181/18-19), ഫയൽ നമ്പർ PH1/6000/18 എന്നിവ പ്രകാരം 100 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ അടങ്കൽ തുക 2000000/- രൂപ ആയിരിക്കെ ചെലവ് പത്രിക പ്രകാരം അടങ്കൽ തുക 1000000/- രൂപ ആയി നിജപ്പെടുത്തിയിരിക്കുന്നു. അടങ്കൽ തുക വ്യത്യാസപ്പെടുത്തിയത് പ്രോജക്ട് പുതുക്കി ഡി.പി.സി അംഗീകാരം നേടിയുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയെങ്കിലും പുതുക്കിയ പ്രോജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.ബയോഗ്യാസ് പ്ലാന്റിന്റെ സ്പെസിഫിക്കേഷൻ കപ്പാസിറ്റി , പദ്ധതിയുടെ അടങ്കൽതുക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
3. 32 ഗുണഭോക്താക്കൾ 4000/- രൂപ ക്രമത്തിൽ ഗുണഭോക്തൃ വിഹിതം അടച്ചതായി ഫയൽ രേഖകളിലുണ്ട് . 32 പേർക്ക് ബയോഗ്യാസ് നിർമ്മിച്ച് നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത തുക**(32*4000=128000)** ചെലവഴിക്കാതെ നഗരസഭയുടെ തനതുഫണ്ടിൽ അനധികൃതമായി സൂക്ഷിച്ചിരിക്കുന്നു.

4. 100 ഗുണഭോക്താക്കൾക്കായി വിഭാവനം ചെയ്ത പ്രോജക്ട് 32 പേർക്ക് മാത്രമായി നടപ്പാക്കിയതിൽ 13% മാത്രമാണ് ചെലവ്.മാലിന്യ സംസ്കരണം, പരിസരശുചിത്വം എന്നീ അനിവാര്യചുമതലകൾ ഉൾപ്പെടുന്ന പദ്ധതികൾ ജാഗ്രതയോടെ നടപ്പാക്കുന്നതിന് ആരോഗ്യകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിപ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ.തീയതി.14.2.18 പ്രകാരം ഗാർഹികതല ഖരമാലിന്യ സംവിധാനങ്ങൾ - ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് 50% ഗുണഭോക്തൃവിഹിതം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗുണഭോക്താക്കൾ നഗരസഭയിൽ അടച്ചിട്ടുള്ളത് ചെലവാക്കാതെ പ്രോജക്ടിന് ചെലവായ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും ചെലവാക്കിയത് മാർഗരേഖക്ക് വിരുദ്ധമായി കാണുന്നു. ഇപ്രകാരം തുക ചെലവാക്കിയത് വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി തുക കണക്കാക്കി പ്ലാൻ ഫണ്ടിൽ അടക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 1-29 ഗുണഭോക്തൃവിഹിതം അധികമായി ഈടാക്കി

കൃഷി ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്താക്കളിൽ നിന്നും വിഹിതം ഈടാക്കിയെങ്കിലും ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്തതിനാൽ ആനുകൂല്യം നൽകിയില്ല. പ്രസ്തുത തുക മുനിസിപ്പാലിറ്റി ഫണ്ടിൽ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം 40/18-19 | പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും-വനിതകൾ |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 650000(487500+162500 ഗുണഭോക്തൃവിഹിതം) |
| ചെലവ് | 356965(356965+0) |

1218/-രൂപ നിരക്കിൽ 331 ഗുണഭോക്താക്കൾക്ക് പച്ചക്കറി ചട്ടികളിൽ നിറച്ച് വിതരണം ചെയ്യുന്ന പദ്ധതിയിലേയ്ക്ക് ഗുണഭോക്തൃവിഹിതമായി 407/-രൂപ നിരക്കിൽ ആകെ 141957/-രൂപ ഈടാക്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി 331 x 407=134717/-രൂപയ്ക്ക് പകരം 141957/-രൂപയാണ് ഈടാക്കിയിരിക്കുന്നത്.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 37 നുള്ള മറുപടിയിൽ അധികമായി ഈടാക്കിയ 7240/-രൂപ ബന്ധപ്പെട്ടവർക്ക് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നു അറിയിച്ചിട്ടുണ്ട്.

2.

| | |
|---|---|
| പ്രോജക്ട് നം 36/18-19 | തേനീച്ച വളർത്തൽ |
| ഫണ്ട് | വികസനഫണ്ട്(ജനറൽ), ഗുണഭോക്തൃവിഹിത) |
| അടങ്കൽ | 100000 (60000+40000) |
| ചെലവ് | 30000+0 ഗുണഭോക്തൃവിഹിതം |

600/-രൂപ നിരക്കിൽ പ്ലാൻ ഫണ്ടിൽ നിന്നും 60000/-രൂപയും ഗുണഭോക്തൃവിഹിതമായി 400/-രൂപ നിരക്കിൽ 40000/-രൂപയുൾപ്പെടെ 100 ഗുണഭോക്താക്കൾക്കായി ആകെ 100000/-രൂപയാണ് അടങ്കൽ. ഗുണഭോക്തൃവിഹിതമായി 40000/-രൂപയ്ക്ക് പകരം 43600/-രൂപ ഈടാക്കിയിരിക്കുന്നു.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 37 നുള്ള മറുപടിയിൽ അധികമായി ഈടാക്കിയ 3600/-രൂപ ബന്ധപ്പെട്ടവർക്ക് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നു അറിയിച്ചിട്ടുണ്ട്. മേൽ രണ്ട് പ്രോജക്ടുകളിലും

ഗുണഭോക്തൃവിഹിതമായി ലഭിച്ച തുക ചെലവഴിക്കാതെ മുഴവൻ തുകയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണം നൽകിയിട്ടില്ല.

## 1-30 കിണർ റീചാർജ്ജിംഗ് -ചെലവ് 6.8 ശതമാനം മാത്രം

പ്രോജക്ട് നം 197/19 ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 500 കുടിവെള്ള കിണറുകളുടെ റീച്ചാർജ്ജിംഗ് എന്ന പദ്ധതിയുടെ അടങ്കൽ 3600000/-രൂപയും ചെലവ് 244800/-രൂപയുമാണ്. മേൽ പദ്ധതിയുടെ ചെലവ് ശതമാനം കുറവായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 37 നുള്ള മറുപടിയിൽ കിണർ റീച്ചാർജ്ജിംഗ് ഏറ്റെടുത്ത് ചെയ്യുവാൻ തയ്യാറായി ഏജൻസികളൊന്നും മുന്നോട്ട് വരാത്ത സാഹചര്യത്തിൽ കാർഷിക കർമ്മ സേന മുഖാന്തിരം ചെയ്യാമെന്ന കരുതിയെങ്കിലും നിരതദ്രവ്യം കെട്ടിവയ്ക്കാനാകാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം തുടരുവാൻ സാധിച്ചില്ലായെന്ന അറിയിച്ചിരിക്കുന്നു.

കുടിവെള്ളത്തിന്റെ ബുദ്ധിമുട്ട് ഏറെയുള്ള പ്രദേശങ്ങളിൽ കിണർ റീചാർജ്ജിംഗ് ഒരു പരിഹാരമാണെന്നിരിക്കെ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുവാൻ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥരും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-31 ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യാഗസ്ഥയായി 2018-19 സാമ്പത്തിക വർഷം സാമൂഹ്യ സുരക്ഷ-വനിത/ശിശു സംരക്ഷണ മേഖലയിൽ 13 പദ്ധതികൾക്കായി 99,38,559/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ 11 പദ്ധതികൾ 81,59,711/- രൂപ ചെലവഴിച്ച് നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. ട്രഷറി ബിൽ ബുക്ക് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവിന്റെ വിശദാംശങ്ങൾ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് 27.01.2020 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് -25 ന് ഇപ്പോൾ പുനലൂർ അർബൻ ഐ.സി.ഡി.എസ് സൂപ്പർവൈസറായതിനാലും, സമ്പുഷ്ട കേരളം പദ്ധതിയുടെ പരിശീലനം നടക്കുന്നതിനാലും കുറച്ച് ദിവസത്തെ സാവകാശം തരണം എന്നുമാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. കൂടാതെ ഓഡിറ്റ് വർഷം നിർവ്വഹിച്ച പദ്ധതികളുടെ ചെലവ് തുകകളുടേയും സുലേഖ സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള ചെലവ് തുകകളുടേയും നിജസ്ഥിതി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.ആയതിനാൽ അസ്സൽ ബിൽ ബുക്ക് ഹാജരാക്കാത്ത സാഹചര്യം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതും ഡ്യൂപ്ളിക്കേറ്റ് ബിൽ ബുക്ക് ട്രഷറിയിൽ നിന്നും സാക്ഷ്യപ്പെടുത്തിയത് അടിയന്തിരമായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 ടി.എച്ച്.ആർ.എസ്-ഭക്ഷ്യ മിശ്രിതം-ലാബ് പരിശോധന നടത്തുന്നില്ല

ഐ.സി.ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യാഗസ്ഥയായി വനിത/ശിശുസംരക്ഷണ മേഖലയിൽ നടപ്പാക്കിയ രണ്ടു പദ്ധതികളാണ് അംഗനവാടി അനുപൂരക പോഷകാഹാര പദ്ധതിയും (പ്രോജ.നം.4/18-19),2.അംഗനവാടികളിലെ പട്ടികാതി കുട്ടികൾക്കുള്ള അനുപൂരക പോഷകാഹാര പദ്ധതിയും(പ്രോജ.നം.314/18-19). പ്രസ്തുത പദ്ധതികൾക്കായി ആകെ 13,55,705/-(11,17,639+2,38,066) രൂപ ചെലവഴിച്ച് പ്രകൃതി ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിൽ നിന്ന് ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം ക്രമപ്രകാരം പരിശോധന നടത്തിയ ലാബ് റിപ്പോർട്ട് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 21.05.2019 ൽ ലാബ് ടെസ്റ്റ് നടത്തിയതിന്റെ ഒരു സർട്ടിഫിക്കറ്റ് മാത്രമാണ് മറുപടിയായി ലഭ്യമാക്കിയിട്ടുള്ളത്. ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി എസ്.ബി 3-312/2010 05.06.2010. 01.02.2010 തീയതികളിലെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ കത്തുകളിൽ

നിർദ്ദേശിച്ചിട്ടുണ്ട്. ന്യൂട്രിമിക്സ് സാമ്പിളുകൾ തൃപ്തികരമല്ല/ഉപയോഗയോഗ്യമല്ല എന്ന ലാബ് റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യമിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും മേൽ കത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ടി.എച്ച്.ആർ.എസ്-ഭക്ഷ്യ മിശ്രിതം-ലാബ് പരിശോധന കർശനമായി നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് പദ്ധതി നടപ്പാക്കുവാൻ മുനിസിപ്പാലിറ്റി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ പതിയേണ്ടതാണ്.

# 1-33 സ്റ്റീൽ ഫർണിച്ചർ വാങ്ങൽ-മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

| | |
|---|---|
| പ്രോജ.നം | 39/18-19 |
| അടങ്കൽ തുക | 1,00,000/ |
| ചെലവ് തുക | 96,216 |
| ഫണ്ടിനം | വികസന ഫണ്ട് |
| ബിൽ നം.& തീയതി | ലഭ്യമല്ല |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

വൃദ്ധസദനത്തിന് ആവശ്യമായ സ്റ്റീൽ ഉപകരണങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ ആർട്ട്കോ ലിമിറ്റഡിൽ (ARTCO Ltd) നിന്നും വാങ്ങിയിരിക്കുന്നു. ജി.ഒ.(ആർ.ടി) നം.17/2018/എസ്.പി.ഡി/27.04.18 ൽ നിഷ്ക്കർഷിച്ചിരിക്കുന്നത് മരഫർണിച്ചറുകൾ ടെണ്ടർ/ക്വട്ടേഷൻ കൂടാതെ 06.03.2018 മുതൽ ഒരു വർഷത്തേക്ക് ആർട്ട്ക്കോയിൽ നിന്ന് വാങ്ങാം എന്നാണ്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി സ്റ്റീൽ ഫർണിച്ചർ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ 25.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.22 ന് ഫർണിച്ചർ വാങ്ങൽ സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ചുള്ള അജ്ഞത കൊണ്ടാണ് ഇപ്രകാരം ഉപകരണങ്ങൾ വാങ്ങിയതെന്നും തന്റെ ഭാഗത്തു നിന്നും വന്ന വീഴ്ചയാണെന്നുമാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിരിക്കുന്നത്. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചും സ്റ്റോർ പർച്ചേഴ്സ് മാന്വൽ അനുസരിച്ചും പദ്ധതി സാധനങ്ങൾ വാങ്ങേണ്ടതാണ്.

# 1-34 എസ്.എസ്.എ പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ നഗരസഭ നേരിട്ട് ആവിഷ്ക്കരിക്കുന്നു.

നഗരസഭാതിർത്തിയിലെ സ്കൂളുകളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി എസ്.എസ്.എ വിഹിതം -ജനറൽ (പ്രോജ.നം.2/18-19) വിഭാഗത്തിൽ 25,50,000/- രൂപയും പട്ടികജാതി(പ്രോജ.നം.3/18-19) വിഭാഗത്തിൽ 4,50,000/-രൂപയും ഉൾപ്പെടെ ആകെ 30,00,000/- രൂപ എസ്.എസ്.എക്ക് ലഭ്യമാക്കിയിരുന്നു. സംസ്ഥാനതല പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമാണ് എസ്.എസ്.എ യുടെ രണ്ട് പ്രധാന പ്രവർത്തനങ്ങൾ. അടിസ്ഥാനസൗകര്യ വികസനം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനവും,പരിശീലനം,പാഠപുസ്തക വിതരണം മറ്റു പ്രവർത്തനങ്ങൾ മുതലായവ എസ്.എസ്.എ.യുടെ പ്രോജക്ട് ഓഫീസുമാണ് നിർവ്വഹിക്കേണ്ടത്. എന്നാൽ ഇതിന് വിപരീതമായി 2018-19 സാമ്പത്തിക വർഷം എസ്.എസ്.എ നിർവ്വഹിക്കേണ്ടിയിരുന്ന ചുവടെ ചേർക്കുന്ന പദ്ധതികൾ നഗരസഭ നേരിട്ട് നടപ്പിലാക്കുകയുണ്ടായി.

| ക്രമ നം. | പദ്ധതി | പദ്ധതി നം. | അടങ്കൽ | ചെലവ് | ബിൽ നം.& തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് അക്കാഡമിക്ക് കൗൺസിൽ മുഖേനയുള്ള വിവിധ പ്രവർത്തനങ്ങൾ | 75/18-19 | 7,00,000 | 554421 | 4/18-19/23.8.18 - 6000<br>8/18-19/12.9.18 - 26,374<br>11/18-19/28.9.18 - 32,100<br>15/18-19/25.10.18 - 75,750<br>22/18-19/26.11.18 - 12000<br>24/18-18/12.12.18 - 42,400<br>28/18-19 /9.1.19 - 9774<br>36/18-19/19.2.19 - 57115<br>42/18-19/26.3.19 130479<br>46/18-19/27.3.19 - - 162429 |
| 2 | എല്ലാ ക്ലാസ്സുകളിലും വൈറ്റ് ബോർഡ് | 319/18-19 | 5,00,000 | 495157 | 16/18-19/27.10.18 - 481157<br>20/18-19/26.11.18 - 14000 |
| 3 | നഗരസഭ പ്രദേശത്തെ 4 ഹൈസ്കൂളുകളിലെ ലൈബ്രേറിയന്മാർക്ക് ഹോണറേറിയം | 261/18-19 | 280000 | 140000 | 43/18-19/31.3.19-140000<br>9/18-19/18.9.18-30000<br>14/18- |

| | | | | | |
|---|---|---|---|---|---|
| | | | | | 19/17.10.18-<br>19000<br>35/18-<br>19/9.2.19-<br>21000<br>26/18-<br>19/18.12.18-<br>21000<br>18/18-<br>19/19.11.18-<br>21000<br>5/18-<br>19/23.8.19-<br>14000 |

മേൽ പദ്ധതികളുടെ ആകെ ചെലവ് തുക 1189578/- രൂപ മുനിസിപ്പാലിറ്റി നേരിട്ട് ചെലവഴിച്ച് നടപ്പാക്കിയതാണ്. എസ്.എസ്.എ പദ്ധതികളുമായി ബന്ധപ്പെട്ട് നടത്തേണ്ടവയാണ് ഈ പദ്ധതികൾ. സർക്കാർ മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് എസ്.എസ്.എ പദ്ധതികളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടത് . നഗരസഭ കൃത്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരുന്നുവെങ്കിൽ പ്രസ്തുത ചെലവ് ഒഴിവാക്കാമായിരുന്നു. എസ്.എസ്.എ ക്ക് നൽകേണ്ട വിഹിതം എസ്.എസ്.എ യിൽ നിന്നും ലഭിക്കുന്ന വിവിധയിനം ചെലവുകളുടെ എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്ട് അടിസ്ഥാനത്തിൽ മാത്രമല്ലാതെ മുനിസിപ്പാലിറ്റി തയ്യാറാക്കുന്ന ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലാവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-35 കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ്കുടിശ്ശിക 91966/-രൂപ അടവാക്കി- പദ്ധതി പ്രവർത്തനക്ഷമമല്ല.

പ്രോജക്ടിന്റെ പേര് - പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾക്ക് കറന്റ് ചാർജ്ജ്

പ്രോജക്ട് നം - S0072/19

അടങ്കൽ തുക - 100000/-(വികസനഫണ്ട് SCP)

ചെലവ് തുക - 91966/-

ബിൽ നം/തീയതി - 10/18-19, 27.11.18, 817/-

21/18-19, 11.01.18, 420/-

25/18-19, 17.01.18, 158/-

Q Bill- 8/19-20, 30.04.19, 90571/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

മേൽ പദ്ധതി പ്രകാരം 7-ാം വാർഡ് നഗരിക്കുന്നിലെ നാല്സെന്റ് കോളനിയിലെ കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജിനത്തിൽ കുടിശ്ശിക വന്നിട്ടുള്ള 90571/- രൂപ കെ എസ് ഇ ബി യിൽ അടവാക്കിയിട്ടുണ്ട് (Assist. Eng. Division Cash KSEB Nedumangad) (ചെലവ് തുകയിൽ ബാക്കിയുള്ള 1395/- രൂപ മറ്റ് കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് അടവാക്കിയതാണ്). കറന്റ് ചാർജ്ജ് യഥാസമയം അടവാക്കാത്തതിനാൽ കുടിവെള്ള പദ്ധതി 10 വർഷത്തിലധികമായി പ്രവർത്തനരഹിതമായിരുന്നു. നഗരിക്കുന്നിലെ പമ്പ്സെറ്റും സ്റ്റാർട്ടറും പ്രവർത്തനക്ഷമമാണെന്ന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമായതിനെത്തുടർന്ന്, 30.03.19.ലെ V-ാം നമ്പർ കൗൺസിൽ തീരുമാനമനുസരിച്ചാണ് കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ള ടി കോളനിയിലെ മോട്ടോർ പുനഃസ്ഥാപിക്കാൻ തീരുമാനിച്ചതും കറന്റ് ചാർജ്ജ് കുടിശ്ശിക അടവാക്കുകയും ചെയ്തത്.

2019 ഏപ്രിൽ മാസത്തിൽ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചെങ്കിലും നാളിതുവരെ ഈ കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമല്ല. പണം ചെലവഴിച്ചതല്ലാതെ പദ്ധതി അതിന്റെ ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ്

വിലയിരുത്തുന്നു. കേടായിക്കിടക്കുന്ന വാട്ടർ ലൈനുകളുടേയും, ടാങ്ക്, ടാപ്പുകൾ ഉൾപ്പെടെയുള്ളവ പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരികയാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത് (എൻക്വയറി നം. 30/28.01.2020). അനുബന്ധ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും കറന്റ് ചാർജ് കുടിശ്ശിക ആകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നഗരസഭാ കൗൺസിൽ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-36 ഗാർഹിക പൈപ്പ് ലൈൻ പദ്ധതി രൂപീകരിച്ചിട്ടില്ല-592000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് - കരിങ്ങയിൽ കോളനി ഗാർഹിക പൈപ്പ് ലൈൻ

പ്രോജക്ട് നം - S0258/19

അടങ്കൽ തുക - 600000/-(വികസനഫണ്ട് എസ്.സി.പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

ചെലവ് തുക - 592000/-

ബിൽ നം/തീയതി - 11/18-19, 27.11.18

കരിങ്ങയിൽ കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 54 പേർക്ക് ഗാർഹിക പൈപ്പ് ലൈൻ നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം 27.11.18 ൽ 592000/- രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയിരിക്കുന്നു. ഡെപ്പോസിറ്റ് വർക്കുകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂറായി നൽകാവൂ. എന്നാൽ വാട്ടർ അതോറിറ്റിയുമായി നിയമാനുസൃത കരാറിലേർപ്പെടാതെയാണ് തുക നൽകിയിട്ടുള്ളത്.

11/2018 ൽ വാട്ടർ അതോറിറ്റിക്ക് മുൻകൂറായി പണം നൽകിയെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിക്കുകയോ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി നടന്നുവരികയാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 19) മറുപടി നൽകിയിട്ടുണ്ട്. പട്ടികജാതി കോളനിയിലെ രൂക്ഷമായ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതി ഇതു വരെ ലക്ഷ്യം കൈവരിച്ചിട്ടില്ല.

അടിയന്തിരമായി പണി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 592000/-രൂപ തടസ്സത്തിൽ വെക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കേണ്ടതും ലക്ഷ്യം കൈവരിച്ചെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-37 പട്ടികജാതി കുട്ടികൾക്ക് മേശയും കസേരയും വാങ്ങിയത്-പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

പ്രോജക്ടിന്റെ പേര് - പട്ടികജാതി കുട്ടികൾക്ക് മേശ, കസേര

പ്രോജക്ട് നം - S0256/19

അടങ്കൽ തുക - 300000/-(270000/-വികസനഫണ്ട് SCP)
ചെലവ് തുക - 269400/-

ബിൽ നം/തീയതി - Q bill 6/19-20, 30.04.19,

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പട്ടികജാതി വിദ്യാർഥികൾക്ക് മേശയും കസേരയും വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ടെണ്ടർ മുഖേന പ്രീമിയർ ഹൗസ്, വെള്ളയമ്പലം എന്ന സ്ഥാപനത്തിൽ നിന്നും 60 സെറ്റ് മേശയും കസേരയും 4490/- രൂപ

നിരക്കിൽ വാങ്ങിയിട്ടുണ്ട് (ഇൻവോയിസ് നം. 18,19,20/27.03.19). എന്നാൽ 5 സെറ്റ് മേശയും കസേരയും നാളിതുവരെ വിതരണം ചെയ്തിട്ടില്ല. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾ മതിയായ രേഖകൾ ഹാജരാക്കാത്തതിനാലാണ് 5 സെറ്റ് മേശയും കസേരയും വിതരണം ചെയ്യാൻ കഴിയാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്(എൻക്വയറി നം. 15/22.01.20). അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുള്ള മേശയും കസേരയും അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്.

നഗരസഭയിൽ പ്രൊക്വയർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. പ്രൊക്വയർമെന്റ് കമ്മിറ്റിയിൽ ചർച്ചചെയ്തും, അർഹമായ ഗുണഭോക്താക്കളുണ്ടെന്ന് അപേക്ഷകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയും വാങ്ങൽ നടത്തേണ്ടതാണ്.

# 1-38 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള സംഭരണി-അപാകതകൾ

പ്രോജക്റ്റിന്റെ പേര് - പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള സംഭരണി

പ്രോജക്റ്റ് നം - S0069/19

അടങ്കൽ തുക - 400000/-(300000/-വികസനഫണ്ട് SCP, 100000/- ഗുണഭോക്തൃവിഹിതം)

ചെലവ് തുക -395005/-

ബിൽ നം/തീയതി - 46/18-19,27.03.19, 118002/-

Q bill 4/19-20, 30.04.19, 177003/-

100000/-,02.04.19 (ഗുണഭോക്തൃവിഹിതം, ചെക്ക് നമ്പർ ലഭ്യമാക്കിയിട്ടില്ല)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പട്ടികജാതി കുടുംബങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന വേണ്ടി 500 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് 100 കുടുംബങ്ങൾക്ക് ടെണ്ടർ മുഖേന വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയാണിത്. പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) ടെണ്ടർ ക്ഷണിച്ചതിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. ടെണ്ടർ നോട്ടീസിൽ / പരസ്യത്തിൽ വാട്ടർ ടാങ്കിനെ സംബന്ധിച്ച സ്പെസിഫിക്കേഷനോ മറ്റു വിവരങ്ങളോ നൽകിയിട്ടില്ല. കൂടാതെ അടങ്കൽ തുക 400000/- രൂപ എന്നതിന പകരം 300000/-എന്നാണ് കാണിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ടെണ്ടറിലും റീടെണ്ടറിലും ആരും പങ്കെടുക്കാതിരുന്നതിനാൽ ഓഫർ പരസ്യത്തിലൂടെ നാലുകെട്ട് ഏജൻസീസ് കാഞ്ഞിരംകുളം, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് 100 ടാങ്കുകൾ വാങ്ങിയിട്ടുള്ളത്. സ്റ്റോർ പർച്ചേസ് മാനവൽ ഖ. 7.34 പ്രകാരം ടെണ്ടർ നോട്ടീസിൽ ടെണ്ടർ സംബന്ധിച്ചും ഉല്പന്നം സംബന്ധിച്ചും എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

(2) 21.3.19 ൽ 40 പേരിൽ നിന്ന് ഈടാക്കിയ ഗുണഭോക്തൃവിഹിതമായ 40000/-രൂപയും 29.3.19 ൽ 60 പേരിൽ നിന്നുള്ള ഗുണഭോക്തൃവിഹിതമായ 60000/-രൂപയും ഉൾപ്പെടെ ആകെ 1 ലക്ഷം രൂപ നാലുകെട്ട് ഏജൻസീസിന് കൈമാറിയിട്ടുണ്ട്. എന്നാൽ ചെലവു പത്രികയിൽ 100000/-രൂപ ചെലവായി കാണിച്ചിട്ടില്ല.

(3) ഇൻവോയിസ് നം. CB713/11.03.19, CB751/23.03.19 എന്നിവ പ്രകാരം 100 വാട്ടർ ടാങ്കുൾ നാലുകെട്ട് ഏജൻസീസ് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 2 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ ഇപ്പോഴും സ്റ്റോക്കിൽ അവശേഷിക്കുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലാണ് വിതരണം ചെയ്യാത്തതെന്നും പൂർണ്ണമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം. 21/24.01.20 ന് മറുപടി നൽകിയിട്ടുണ്ട്. വിതരണം ചെയ്യാൻ ശേഷിക്കുന്ന ടാങ്കുകൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-39 പട്ടികജാതി കുടുംബങ്ങൾക്ക് സൗരറാന്തൽ - മുഴുവൻ വിതരണം ചെയ്തിട്ടില്ല.

പ്രോജക്റ്റിന്റെ പേര് - പട്ടികജാതി കുടുംബങ്ങൾക്ക് സൗരറാന്തൽ

പ്രോജക്റ്റ് നം - S0176/19

അടങ്കൽ തുക - 300000/-(270000/-വികസനഫണ്ട് SCP, 30000/- ഗുണഭോക്തൃവിഹിതം)

ചെലവ് തുക - 262500/-(236250/-വികസനഫണ്ട്,26250/- ഗുണഭോക്തൃവിഹിതം)

ബിൽ നം/തീയതി - Q 3/19-20, 30.04.19, 236250/-

26250/- 29.03.19 (ഗുണഭോക്തൃവിഹിതം, ചെക്ക് നമ്പർ ലഭ്യമാക്കിയിട്ടില്ല)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

നെടുമങ്ങാട് നഗരസഭയിലെ 100 പട്ടികജാതി കുടുംബങ്ങൾക്ക് 90% സബ്സിഡി നിരക്കിൽ സൗരറാന്തൽ വാങ്ങി നൽകുന്ന പദ്ധതിയാണിത്. അനർട്ട് എം പാനൽ ചെയ്തിട്ടുള്ള സ്ഥാപനമായ അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടറിലൂടെ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള എൽ ഇ ഡി സോളാർ റാന്തൽ വാങ്ങിയിട്ടുണ്ട്. 350/-രൂപ വീതം ഗുണഭോക്തൃവിഹിതം ഈടാക്കി പദ്ധതിപ്പണവും ചേർത്ത് ആകെ 75 റാന്തൽ ആണ് വാങ്ങിയിട്ടുള്ളത്.

പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) സബ്സിഡി മാർഗ്ഗരേഖ പ്രകാരം വൈദ്യുതി എത്താത്ത പ്രദേശങ്ങളിലേക്കാണ് സൗരറാന്തൽ വാങ്ങി വിതരണം ചെയ്യാവുന്നത്. എന്നാൽ വിതരണം ചെയ്ത പ്രദേശങ്ങൾ വൈദ്യുതി എത്താത്ത പ്രദേശങ്ങളാണോ എന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/23.1.20) വൈദ്യുതി ലഭിക്കാത്ത 2 കുടുംബങ്ങൾ ഉൾപ്പെടെ 75 കുടുംബങ്ങൾക്കാണ് നല്കിയതെന്നാണ് മറുപടി നൽകിയത്. ഈ വിഷയത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടാതിരുന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

2) 75 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത 26250/- രൂപ നഗരസഭാ ഫണ്ടിൽ അടവാക്കുകയും ആയത് 29.03.19 ന് ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ തുക സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ചെലവായി കാണിച്ചിട്ടില്ല.

3) 28.02.19ലെ No.SCDO/NM/45/2018സപ്ലൈ ഓർഡർ അനുസരിച്ച് ഇൻവോയിസ് No.CAO475/19.03.19 പ്രകാരം, അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് 75 റാന്തലുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ആകെ 64 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കിയുള്ള 11 എണ്ണം നഗരസഭയുടെ നിയന്ത്രണത്തിലും പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ളതുമായ പ്രീ-മെട്രിക് ഹോസ്റ്റലിൽ സൂക്ഷിച്ചിരിക്കുകയാണ്.

4) താഴെ പറയുന്ന 11 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം വാങ്ങി ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതുവരെ സൗരറാന്തൽ വിതരണം ചെയ്തിട്ടില്ല. എന്നാൽ ഇവരിൽ നിന്നും അപേക്ഷ സ്വീകരിക്കാതെയാണ് ഗുണഭോക്തൃവിഹിതം സ്വീകരിച്ചിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്തൃ വിഹിതം | രസീത് നം. തീയ്യതി |
|---|---|---|---|
| 1 | ഇന്ദിര എസ്, തടത്തരികത്ത് വീട്, തത്തംകോട്, വാർഡ്.12 | 350 | 0012470/28.02.19 |
| 2 | സുശീല ബി, എസ് ഭവൻ, മണിയൻകോട്, വാർഡ്. 16 | 350 | 0012471/28.02.19 |
| 3 | ചെല്ലമ്മ, കുന്നിൻപുറത്ത് വീട്, കോല്ലങ്കാവ്, വാർഡ്. 12 | 350 | 0012472/28.02.19 |

| | | | |
|---|---|---|---|
| 4 | സുധകുമാരി ജെ, കണിവിള വീട്, ചിറമുക്ക് | 350 | 0012472/28.02.19 |
| 5 | കേശവൻ, നരിച്ചിലോട്, വാർഡ്. 12 | 350 | 0012474/28.02.19 |
| 6 | ശാരദ, തടത്തരികത്ത് വീട്, വാർഡ്. 12 | 350 | 0012474/28.02.19 |
| 7 | ഗിരിജ പി, വിഷ്ണു ഭവൻ, ചിറത്തതക്കൽ, വാർഡ്.4 | 350 | 0012475/28.02.19 |
| 8 | അമ്പിളി, റോഡരികത്ത് വീട്, കരങ്കട വാർഡ്. 16 | 350 | 0013245/16.03.19 |
| 9 | ലീല ആർ, കാർത്തിക ഭവൻ, വാർഡ്. 6 | 350 | 0013650/22.03.19 |
| 10 | ശ്യാമള, അശ്വതി ഭവൻ, വാർഡ്.6 | 350 | 0013650/22.03.19 |
| 11 | ഉഷ, നെട്ടയിൽ ഹൗസ്, വാർഡ്. 6 | 350 | 0013651/22.03.19 |
| | ആകെ | 3850 | |

ഗുണഭോക്താക്കൾ മതിയായ രേഖകൾ ഹാജരാക്കാത്തതുകൊണ്ടാണ് വിതരണം ചെയ്യാത്തതെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/23.01.20) മറുപടി നൽകിയിട്ടുള്ളത്. അപേക്ഷ പരിശോധിച്ച് അർഹരാണെന്ന് ഉറപ്പുവരുത്താതെയാണ് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുള്ളതും പർച്ചേസ് ഓർഡർ നൽകി വാങ്ങൽ നടത്തിയിട്ടുള്ളതും എന്ന് വ്യക്തമാണ്.

അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുള്ള റാന്തലുകൾ അടിയന്തിരമായി വിതരണം ചെയ്യേണ്ടതും, മേൽ വ്യക്തികൾക്ക് നൽകാൻ കഴിയില്ലെങ്കിൽ അവരിൽ നിന്നും പിരിച്ചെടുത്ത തുക തിരിച്ച് നൽകുകയും ചെയ്യേണ്ടതാണ്. നഗരസഭ കൗൺസിൽ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-40 ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം- പദ്ധതിയിലെ പൊതു അപാകതകൾ

പദ്ധതി നം. 273/19 ( പട്ടികജാതി)

274/19 (ജനറൽ)

1)പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓരോ ഗുണഭോക്താവിനും മുൻപ് നൽകിയ തുകകൾ സംബന്ധിച്ച പ്രോജക്റ്റ് രജിസ്റ്റർ, കാഷ് ബുക്ക് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് നിർദ്ദേശാനുസരണം ഓഡിറ്റ് കാലയളവിൽമാത്രമാണ് അപൂർണ്ണമായ രീതിയിൽ രജിസ്റ്റർ എഴുതിത്തുടങ്ങിയത്.

2) 11-10-17ലെ തദ്ദേശ ഭരണവകുപ്പിന്റെ സ.ഉ.(എം.എസ്) നം 196/17/ത.സ്വ.ഭ.വ.ഉത്തരവ് പ്രകാരം, ഓരോ വീടിന്റെയും നിലവിലുള്ള അവസ്ഥ സംബന്ധിച്ച് വാർഡ്തല കർമ്മസമിതി രൂപീകരിച്ചതിന്റെ വിവരവും കർമ്മസമിതി തയ്യാറാക്കിയ മൈക്രോപ്ലാനും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3) 8-11-2016 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ) നം.160/16/തസ്വഭവ യിലെ ഖണ്ഡിക നം. 8 പ്രകാരം,പണി പൂർത്തിയാക്കാതെ കിടക്കുന്ന ഭവനങ്ങളുടെ സാങ്കേതിക ഓഡിറ്റ് നടത്തുന്നതിനും അവയുടെ പൂർത്തീകരണത്തിനാവശ്യമായ തുക നിർണ്ണയിക്കുന്നതിനും നഗരസഭാതലത്തിൽ Third Party Technical Agency കളെ എം പാനൽ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) സ്ഥാപനതല കർമ്മസമിതി രൂപീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

5) ഭവനനിർമ്മാണം പൂർത്തീകരിച്ചതായി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെയും വീടിന്റെ നമ്പർ അനുവദിച്ചതിന്റെയും രേഖകൾ ഹാജരാക്കിയില്ല.

ഇക്കാര്യത്തിൽ ഓഡിറ്റ് അന്വേഷണം (നം. 23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കണം.

13-4-2018 ലെ ലൈഫ്/എൽ.എഫ്. 2/511/2018 എന്ന നമ്പരിലുള്ള സർക്കുലർ ഖണ്ഡിക 23 പ്രകാരം ഭവനനിർമ്മാണത്തിന് ആദ്യ ഗഡു വാങ്ങിയ ഗുണഭോക്താവ് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

ഫയലിനോടൊപ്പമുള്ള ലിസ്റ്റ് പ്രകാരം പട്ടികജാതിക്കാർക്കുള്ള പദ്ധതിയിൽ(പദ്ധതി നം 273/19) ആകെയുള്ള 32ഗുണഭോക്താക്കളിൽ 18 പേർ മാത്രമേ ഗഡുക്കൾ കൈപ്പറ്റിയശേഷം വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ. ഗഡുക്കൾ കൈപ്പറ്റിയശേഷം ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് തുക തിരിച്ചീടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്നത് നിരീക്ഷിക്കുന്നതിൽ മോണിറ്ററിംഗ് സമിതിയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്.

# 1-41 രേഖകൾ ഹാജരാക്കിയില്ല- 7,25,000/- രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ - 396/19

അടങ്കൽ - 20,00,000/-

ചെലവ് - 725000/-

ഫണ്ടിനം - വികസന ഫണ്ട് (പൊതു വിഭാഗം) - 120000

വി.ഫ.(എസ്.സി.പി) - 605000

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

ലൈഫ് പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത പട്ടികജാതി വീടുകളുടെ പൂർത്തീകരണത്തിന് കുറവ് വന്ന തുക ലഭ്യമാക്കൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഓഡിറ്റ് അന്വേഷണം നമ്പർ 36 മുഖേന ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ ചെലവ് തുകയായ 7,25,000/- രൂപ തടസ്സപ്പെടുത്തുന്നു. 2 മാസത്തിനുള്ളിൽ ചെലവു സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്ത പക്ഷം, തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# 1-42 ചെലവ് പത്രികയിലെ തുകയും ഹാജരാക്കിയ രേഖകളിലെ ചെലവും തമ്മിൽ വ്യത്യാസം

പദ്ധതിയുടെ പേര് - 600 കുടുംബങ്ങൾക്ക് ഗാർഹിക പൈപ്പ് കണക്ഷൻ

പദ്ധതി നമ്പർ - 282/19

അടങ്കൽ തുക - 705000/- (സി.എഫ്.സി ഗ്രാന്റ്)

600 ഗുണഭോക്താക്കൾക്ക് ഗാർഹിക പൈപ്പ് കണക്ഷൻ നല്കുന്നതിനായി വിഭാവനം ചെയ്ത പ്രസ്തുത പദ്ധതിയുടെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 2,85,000/- രൂപയാണ്. എന്നാൽ ബിൽ ബുക്ക് , ഹാജരാക്കിയ ബില്ലുകൾ എന്നിവ പ്രകാരം 2,35,000/- രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂ. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വോഷണം(നം. 43) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

# 1-43 എലിത്തോട്ടുകോണം കോളാച്ചിമൂല റോഡ് കോൺക്രീറ്റ്,ടാറിംഗ്-പദ്ധതിയിലെ അപാകതകൾ

പദ്ധതി നം -189/2018-19

അടങ്കൽ -1500000/-

ചെലവ് -1364092/-

പി.എ.സി. -1364236/-

നിർവഹണം -അസി.എഞ്ചിനീയർ

കരാറുകാരൻ -എസ്.സി.ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

നെടുമങ്ങാട്

ബിൽ നം -E1/6462/18-19 തീ. 31/10/18-തുക-1064634/-

-49/18-19 തീ. 27/03/19-തുക-299458/-

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

i,റിടെൻഷൻ തുക തിരികെ നൽകിയിട്ടില്ല.

ഈ പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ നൽകിയപ്പോൾ 106463/-രൂപ റിടെൻഷൻ ഇനത്തിൽ കുറവ് വരുത്തിയാണ് തുക നൽകിയത്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബിൽതുക നൽകിയപ്പോൾ ഈ റിടെൻഷൻ തുക തിരികെ നൽകിയില്ല. വിവരം ഓഡിറ്റ് എൻക്വയറി നം.42 ലൂടെ നിർവ്വഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. റിടെൻഷൻ തുക തിരികെ നൽകാതെ മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമ പ്രകാരമുള്ളതല്ല.ആയതിനാൽ റിടെൻഷൻ തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ii,പ്രവൃത്തി പൂർത്തീകരണകാലതാമസം-പിഴ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി.01/02/2012 സെക്ഷൻ 2112,2112-1 എന്നിവ പ്രകാരം കരാറുകാരന്റെ ഭാഗത്തുനിന്നുള്ള പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ആദ്യ തവണPAC യുടെ 1% ഉം,ആദ്യ തവണയ്ക്ക ശേഷം PAC യുടെ 2% ഉം പിഴ ഈടാക്കിക്കൊണ്ട് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട് (ദീർഘീകരണം ഒറിജിനൽ സമയത്തിന്റെ 25%ഉം പരമാവധി ദീർഘീകരണം 50% ഉം അധികരിക്കാൻ പാടില്ല). കൂടാതെ ഉത്തരവ് നം എ.സി.2/223/2015/ത.സ്വ.ഭ.വ.തീയതി.18/08/18 പ്രകാരം പിഴ ഈടാക്കിക്കൊണ്ട് പ്രവൃത്തി ദീർഘിപ്പിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ആദ്യ മൂന്ന് മാസം വരെ PAC യുടെ 1% ഉം പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്ന് മാസത്തിനും PAC യുടെ 2%ഉം ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.എന്നാൽ മേൽ പ്രവൃത്തിയിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

പ്രവൃത്തിയുടെ കരാറിൽ ഏർപ്പെട്ട തീയതി -23/07/2018

പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി -22/11/2018(നാല് മാസം)

പ്രവൃത്തി പൂർത്തീകരിച്ച തീയതി -05/03/2019

കാലതാമസം വന്ന ദിനങ്ങൾ -103 ദിനങ്ങൾ

ഈടാക്കേണ്ട പിഴ-ആദ്യത്തെ മൂന്ന് മാസം-

പി.എ.സി.യുടെ (1364236/-)1% =13642/-

ശേഷം 13 ദിനങ്ങൾക്ക് പി.എ.സി.യുടെ (1364236/-) 2%

(1364236x2%)/90x13 =3941/-

ആകെ =17583/-

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം 42) മറുപടിയായി

ബിറ്റുമിൻ ലഭ്യതക്കുറവ് കാരണമാണ് പ്രവൃത്തിപൂർത്തീകരിക്കാൻ താമസിച്ചത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയ കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ്,സപ്ലിമെന്ററി എഗ്രിമെന്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ടി പിഴ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

iii,നിർവഹണത്തിൽ മരാമത്ത് ചട്ടങ്ങൾ പാലിച്ചിട്ടില്ല .

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി.01/02/2012 പ്രകാരം ഒരു പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നത് ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25%ഉം പരമാവധി ദീർഘീകരണം പ്രവൃത്തിയുടെ യഥാർത്ഥ പൂർത്തീകരണത്തിന്റെ 50% ഉം അധികരിക്കാൻ പാടില്ലെന്ന് വ്യക്തമാക്കുന്നുണ്ട്എന്നാൽ ഇവിടെ ഈ പ്രവൃത്തിക്ക് അനുവദിക്കേണ്ടിയിരുന്ന പരമാവധി അധികസമയം രണ്ട് മാസം മാത്രമായിരുന്നു.എന്നാൽ ഇതിന് വിരുദ്ധമായി പ്രവൃത്തി പൂർത്തീകരിക്കാൻ 103 ദിവസങ്ങൾ നൽകിയ നടപടി മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.കലാവധിക്ക് ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾ മരാമത്ത് ചട്ടങ്ങൾ പ്രകാരം അനധികൃതമായതിനാൽ നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

iv,ആദായനികുതി ഈടാക്കിയതിൽ കുറവ്.

ആദായനികുതി സെക്ഷൻ 194(സി) പ്രകാരം സ്ഥാപനങ്ങൾ നിർവഹിക്കുന്ന പ്രവൃത്തികൾക്കുള്ള കരാർ തുക(ബിൽ തുക) യുടെ 2% ആദായനികുതിയിനത്തിൽ ഈടാക്കേണ്ടതാണ്. മേൽ പ്രവൃത്തിയുടെ വേലമൂല്യം 1364092/-ആകയാൽ 27282/-രൂപ ആദായനികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്നു. എന്നാൽ 13641/-രൂപ മാത്രമാണ് ആദായനികുതിയിനത്തിൽ ഈടാക്കിയിരിക്കുന്നത്. ഈ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 42) 2% നിരക്കിൽ ആദായനികുതി ഈടാക്കേണ്ട വിവരം അറിഞ്ഞിരുന്നില്ല എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ ഈയിനത്തിൽ കുറവ് വന്ന തുക ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കു വരുത്തേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

••   ••
ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കരിങ്ങ- ISRO റോഡ് നിർമ്മാണം- എം ബാങ്ക് മെന്റ് നിർമ്മാണത്തിന് അധികച്ചെലവ്-9660/-രൂപ നിരാകരിക്കുന്നു

(ഖണ്ഡിക 1-24 കാണുക)

| | |
|---|---|
| പ്രോജക്ട് നമ്പർ | 141/18-19 |
| [illegible] | [illegible] |

| | |
|---|---|
| പേര് | കരിങ്ങ- ISRO റോഡ് നിർമ്മാണം |
| അടങ്കൽ | 1400000 |
| ചെലവ് | 1075120 |
| ബിൽ നമ്പർ, തീയതി | 1)307/18-19 തീയതി.11.1.19<br>2)508/18-19തീയതി.25.3.19 |
| ഫണ്ട് | ധനകാര്യകമ്മിഷൻ ഗ്രാന്റ് |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.ബൈജു.ജെ |

പ്രസ്തുത പ്രവൃത്തിയുടെ ഇനം 4 -'construction of embank ment with materials obtained from...technical specification clause 301.5.' എന്ന പ്രവൃത്തിയാണ് 267 $m^3$ എന്ന അളവിൽ ചെയ്യുന്നതിന് -Rs 300 /$m^3$ എന്ന നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ അളവ് 660.960$m^3$ ആയി പുതുക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് Rs.300/$m^3$ എന്ന നിരക്കിൽ ആകെ 198288/- രൂപ നൽകിയിട്ടുമുണ്ട്. (എം ബുക്ക് 55/18-19, പേജ് 19)

എം ബാങ്ക് മെന്റ് നിർമ്മാണത്തിന് ഇനം 1 പ്രകാരമുള്ള earth work excavation വഴി ലഭിച്ച മണ്ണ് ഉപയോഗിച്ചത് ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി തുക നൽകിയിട്ടുള്ളത്. ആയതിനാൽ താഴെ പറയും വിധം അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്

അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

കുഴിച്ചെടുത്ത മണ്ണ് (എം.ബുക്ക് 55/18-19 പേജ് 7&11) = 32.203 $m^3$

Embankment നു ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന മണ്ണ് (എം.ബുക്ക് 55/18-19 പേജ് 19) =660.96 $m^3$

കുഴിച്ചെടുത്ത മണ്ണ്32.203 $m^3$ ഉപയോഗിച്ചിരുന്നുവെങ്കിൽ embankment നു നൽകേണ്ടിയിരുന്ന അളവ്

(660.96$m^3$ -32.203 $m^3$) = 628.76$m^3$.

മേൽ നിരക്ക് പ്രകാരം embankment നു ഉപയോഗിക്കേണ്ട 628.76 $m^3$മണ്ണിനു അനുവദിക്കേണ്ടിയിരുന്ന തുക

628.76$m^3$ *300 = 188628/-രൂപ

അനുവദിച്ച തുക 660.96$m^3$* 300/$m^3$ =198288/-രൂപ

(എം.ബുക്ക് പേജ് നം 19)

അധികം നൽകിയ തുക (198288/-188628/-) =9660/-രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 38ന് പ്രസ്തുത പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരം അനുവദനീയമായതിൽ കൂടുതൽ മണ്ണ് യഥാർത്ഥത്തിൽ ഉപയോഗിച്ചു എങ്കിലും എസ്റ്റിമേറ്റിൽ നിജപ്പെടുത്തി മാത്രമേ നൽകിയിട്ടുള്ളൂ എന്നതിനാൽ നഷ്ടം വന്നിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ വലിയ അളവിൽ എം ബാങ്ക് മെന്റ് നിർമ്മാണം നടത്തിയപ്പോൾ എം ബുക്കിൽ ഇനം 1 ലെ earth work excavation വഴി ലഭിച്ച മണ്ണിന്റെ ഉപയോഗ്യതയെക്കുറിച്ച് പരാമർശിക്കാതെയും കുറക്കാതെയും ചെലവ് നടത്തിയത് അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക 9660/-രൂപ (198288/-188628/-) നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച്

# സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.08.2019 മുതൽ 16.08.2019 വരെ | കെ.എസ്.എ.റ്റി.വി.എം.എൽ/1598/2019<br>തീയതി 19.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

സ്ഥാപനം നൽകിയ രേഖകളുടെ അടിസ്ഥാനത്തിലുള്ളതാണ് ചുവടെ ചേർക്കുന്നത്. വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | പോസ്റ്റ് സ്ഥാപിക്കൽ | 800000 | 685211 | 114789 |
| KSEB | സ്ട്രീറ്റ് മെയിൻ | 6596340 | 4313044 | 2283296 |
| KWA | കുടിശ്ശിക നൽകൽ | 1739027 | 1739027 | 0 |
| KWA | കരിങ്ങൽ കോളനി ഗാർഹിക പൈപ്പ് കണക്ഷൻ | 600000 | 592000 | 8000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KURDFC | GO (Rt) 913/13 LSGD 5/04/2013 | 55394227 | 21908786 | 6568569 | | 15340217 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ (രജിസ്റ്റർ പ്രകാരം)

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30117592 |
| പലിശയിനത്തിൽ ലഭിച്ച തുക | 1218387 |
| ആകെ | 31335979 |
| പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 31335979 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| Bank of Baroda | Rt 903954 | 5374941 |
| Bank of Baroda | Rt 904004 | 20841460 |
| SBI | 67062823583 | 2634997 |
| DCB (NDD) | 020321821030693 | 2484581 |
| ആകെ | | 31335979 |

വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി രജിസ്റ്ററിലെ തുക പൊരുത്തപ്പെടുന്നില്ല

# 4-7 ഓഡിറ്റ് റിക്കവറി (രജിസ്റ്റർ പ്രകാരം)

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയയാളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|---|
| 1 | 2013-14 | 3-15 | 90670 | ശ്രീ.അൻവർ ഹുസൈൻ അസി.എക്സി.എഞ്ചിനീയർ | 118010112778/28.02.19 |

വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി രജിസ്റ്ററിലെ തുക പൊരുത്തപ്പെടുന്നില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടതും, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 6.2.3 | 2015 | ലഭ്യമല്ല | ഷോപ്പിംഗ് കോംപ്ലക്സ് | നിലനിൽക്കുന്നു |
| 2014-15 | 2.1,2.2 | 2016 | ലഭ്യമല്ല | ഷോപ്പിംഗ് കോംപ്ലക്സ് | നിലനിൽക്കുന്നു |
| 2016-17 | 3.1 | 2017-18 | 1.1.3 | നെടുമങ്ങാട് മാർക്കറ്റ് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം | നിലനിൽക്കുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (AFS പ്രകാരം) | : | 518985628 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (AFS പ്രകാരം) | : | 361102602 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9660 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3181237 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-24 | | 9660 | ശ്രീ. പി.കൃഷ്ണകുമാർ മുനിസിപ്പൽ എഞ്ചീനിയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1864237 | ശ്രീമതി.ബീന.എസ്.കുമാർ സെക്രട്ടറി |
| 1-36 | 592000 | ശ്രീമതി സമീറ അൽ ഹംദ്, പട്ടിക ജാതി വികസന ഓഫീസർ |
| 1-41 | 725000 | ശ്രീ സി.ശ്രീകുമാർ പ്രോജക്ട് ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖ.1-12

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.കൃഷ്ണകുമാർ മുനിസിപ്പൽ എഞ്ചീനിയർ | മുനിസിപ്പൽ എഞ്ചീനിയർ നെടുമങ്ങാട് മുനിസിപ്പാലിറ്റി | അരുണോദയം, സർവോദയം റോഡ്, നേമം.പി.ഒ തിരുവനന്തപുരം-20 |

| | | |
|---|---|---|
| | | |
| ശ്രീമതി.ബീന.എസ്.കുമാർ സെക്രട്ടറി | സെക്രട്ടറി, | ശിവശൈലം, റ്റി.സി 42/443 (2) തവളോട് നഗർ, വള്ളക്കടവ്, തിരുവനന്തപുരം |
| ശ്രീമതി സമീറ അൽഹംദ്, പട്ടിക ജാതി വികസന ഓഫീസർ | പട്ടിക ജാതി വികസന ഓഫീസർ | പാലമൂട്, വെമ്പായം.പി.ഒ |
| ശ്രീ സി.ശ്രീ കുമാർ പ്രോജക്റ്റ് ഓഫീസർ | | ശ്രീഗീത്, ഉദയഗിരി, ചെമ്പഴന്തി.പി.ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ/4/795/2000, തീയതി 02.01.2003 | 40 |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ/65/04, തീയതി.22.12.2004 | 40 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ/473/08, തീയതി.24.10.2008 | 37 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ/359/04, തീയതി.31.07.2004 | 18 |
| 1999-00 | എൽ.എഫ്.റ്റി.ഡി.എം.എൽ/1117/03, തീയതി.24.10.2008 | 24 |
| 2000-01 | എൽ.എഫ്.റ്റി.ഡി.എം.എൽ/22/08, തീയതി.20.04.2009 | 39 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ/139/09, തീയതി.20.04.2009 | 50 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ/1819/07, തീയതി.25.11.2008 | 22 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ/1846/07, തീയതി 20.04.2009 | 43 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ/1544/09, തീയതി.06.08.2012 | 16 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ/9630/11, തീയതി.31.05.2011 | 24 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ/1430/12, തീയതി.27.12.2012 | 11 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ/533/11, തീയതി.23.06.2012 | 25 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ/1119/1, തീയതി. 25.11.2013 | 22 |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ/2356/13, തീയതി.21.03.2013 | 25 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ/1471/11, തീയതി.25.11.2013 | 21 |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ/99/15, തീയതി.30-03-15 | 36 |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ/1066/14, തീയതി. 01-10-14 | 30 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1168/15, തീ.29.9.15 | 24 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ എം.എൽ.1361/2016 തീയതി. 1.8.16 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/21/17 തീയതി.12.01.17 | 29 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ എം.എൽ/2053/17 തീയതി.03.11.17 | 46 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ 35/19 തീയതി.09.07.2019 | 48 |

1995-96 സാമ്പത്തിക വർഷത്തിനു മുമ്പുള്ള റിപ്പോർട്ടുകളുടെ വിവരങ്ങൾ ലഭ്യമല്ല.

ഒപ്പ്/-

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

# <u>അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 295- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **നെടുമങ്ങാട്** നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നെടുമങ്ങാട് നഗരസഭയുടെ 2018-19-ലെ** വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

<u>ന്യൂനതകളുടെ സംഗ്രഹം</u>

ഖണ്ഡിക 1-11ൽ പരാമർശിച്ചിട്ടുണ്ട്.

ഒപ്പ്/-

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ബി.റ്റി.1.6.2020